


# little ripples

## ചായ്യോത്തിൽ വിരിഞ്ഞ കുഞ്ഞോളങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

### പ്രസിദ്ധീകരണം

### 2024

little KITEs

# എഡിറ്റർ



ഗൗതം കൃഷ്ണ

# സബ് എഡിറ്റർ



മുഹമ്മദ് ബിഷ്ർ

# എഡിറ്റോറിയൽ ബോർഡ്







ശ്രീലക്ഷ്മി ടി വി    തന്മയ ജെ പ്രസാദ്    റിതിക്നാഥ്

# അംഗങ്ങൾ

വിനായക് സി
ആർ ശിവരഞ്ജൻ
അലക്സ് റോഷൻ
ഷാരോൺ അന്ന ഷാജി
ഹരിഹർ ശ്രീജേഷ്
നന്ദകിഷോർ ബി
നന്ദകിഷോർ എൻ വി
ശരണ്യ കെ വി
നിരഞ്ജൻ ബാബു
ഗായത്രി വി
പ്രാർത്ഥന എം
അയിഷത്ത് ഫർസാന എം എ
ആദിനാഥ് കെ
ഹർഷിത്ത് ആർ പ്രമോദ്
ആദിഷ് എം പി
വൈഗ കെ
നേഹ പി പി
അനീറ്റ സണ്ണി
ലിയ മേരി സഞ്ജയ്
ശ്രീലക്ഷ്മി പി
മനശ്രീ കെ
അഞ്ജന സി
പ്രാർഥനാ ദിവാകരൻ
ജിഷ്ണു സി
ഷിബാനി പി കെ
നേഹ കെ
ഗോപിക പി സുകുമാരൻ
ആവണി കെ
അമന്യ മനോജ്
ദേവനന്ദ കെ

# എഡിറ്റോറിയൽ

കുഞ്ഞ് മനസ്സുകളിലെ കുഞ്ഞോളങ്ങൾ താളുകളിൽ പകർത്തുമ്പോൾ കൈകോർത്ത് നിൽക്കാൻ ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സും എന്നും കൂടെ നിൽക്കുന്നു.
ചൂടുപിടിച്ച സമകാലിക രംഗത്തെ ചില രചനകളും ആശ്വാസത്തിന്റെ കിരണങ്ങൾ നൽകുന്ന ചിത്രങ്ങളും ഉൾപ്പെടുത്തിയാണ് ഈ മാഗസിൻ ഉണ്ടാക്കിയിട്ടുള്ളത്.
സാങ്കേതികതയോടൊപ്പം ഇഴ ചേർന്ന ഈ കുഞ്ഞോളങ്ങളെ എല്ലാവരും ചേർത്തുപിടിക്കുമെന്ന വിശ്വാസത്തോടെ ...

ഗൗതം കൃഷ്ണ
ചീഫ് എഡിറ്റർ

# ഓളപ്പരപ്പിലൂടെ


1 മികവുകൾ

2 ജീവിതമാകണം ലഹരി - ലേഖനം ജോസിയ ബിജോഷ്

3. കൊറോണ എന്ന മഹാമാരി - കഥ

4. കാഴ്ച്ചകൾ - കവിത ദിൽന രാജ്

5. സ്നേഹഭവനം കവിത റിതിക രാജേഷ്

6. വൃദ്ധസദന സന്ദർശനം

7. Essay English. Sreevardhan M Nair

8. A beautiful fate - Story - Navami

9. ജപ്പിനോട്ടീസ് - കഥ - നിവേദ്യ രാജീവ്

10. ലേഖനം - പാർവ്വതി ആർ പ്രകാശ്

11. രജനി കവിത - അനന്യ സാവി

12. Essay English Aadin Gangan

13. ലേഖനം - ആര്യ പി.വി

14. Essay English - Devaraj

15. മാളുവിന്റെ ലോകം - കഥ - ദേവ്ന

16. അധ്വാനത്തിന് സമാനം - കഥ

17. മലയാളം ലേഖനം - വൈനക

18. തീരാത്ത ദുരിതങ്ങൾ - കവിത

19. ലേഖനം മലയാളം നിഹാരിക

20. പ്രാണവേദന കഥ - റിതിക രാജേഷ്

21. താഴ് വാരവിശേഷം

22. ഹിന്ദി ലേഖനം - ശ്രീവർധൻ എം നായർ

23. ഹിന്ദി കവിത -ശ്രാവൺ വിശ്വനാഥ്

24. ലേഖനം മലയാളം തന്മയ ജെ പ്രസാദ്

25. ലേഖനം മലയാളം - ആനന്ദ് എസ്

# ആശംസകൾ

ചായോത്ത് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് പ്രവർതനങ്ങളുടെ ഭാഗമായി “Little Ripples” എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നതിൽ സന്തോഷം അറിയിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ വിസ്മയ കാഴ്ചകൾ പഠനബോധന പ്രക്രിയയിൽ സന്നിവേശിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ശ്ളാഘനീയമാണ് 'പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

Sachinkumar T V
Principal



# ആശംസകൾ

**GOVT.HIGHER SECONDARY SCHOOL , CHAYOTH**

**CHAYOTH P O ,671314**
phone:04672230910
gmail:12044chayoth@gmail.com

Date:21/02/2024

പ്രിയരേ,

ചായ്യോത്ത് ഗവ. ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ടീം സ്കൂളിലെ കുഞ്ഞു മനസ്സുകളിലെ വലിയ ചിന്തകളും മറ്റ് രചനകളും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നതോടൊപ്പം പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

സുരേന്ദ്രൻ കെ
ഹെഡ്മാസ്റ്റർ

# ആശംസകൾ

സാഹിത്യ ലോകത്തിന് സാങ്കേതികത നൽകുന്ന സാധ്യതകൾ അനന്തമാണ്. ആ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനുള്ള ശേഷി നേടൽ കൂടിയാണ് പുത്തൻ വിദ്യാഭ്യാസ രീതി.ചിന്തകളുടെ; ഭാവനയുടെ അവനവനാ വിഷ്കാരങ്ങളെ എക്കാലത്തേക്കും സൂക്ഷിക്കാനുതകുന്ന സാഹിത്യത്തിന്റെയും സാങ്കേതികതയുടെയും ഈ നവീനാ വിഷ്കാരം 'കുഞ്ഞോള'ങ്ങളിൽ നിന്ന് തിരമാലകളായി ഇരമ്പിയാർക്കട്ടെ എന്ന് സ്നേഹത്തിന്റെ.. നന്മയുടെ ആശംസകൾ



ബിജു സി
പി ടി എ പ്രസിഡണ്ട്

എഴുത്തിന്റെ വഴിയിലേക്ക് സാങ്കേതികതയുടെ വെളിച്ചത്തിലൂടെ പിച്ച നടന്ന് അക്ഷരത്തെളിമയിലേക്ക് ചെന്നെത്താനുള്ള ഈ കുഞ്ഞുദ്യമത്തിന് ആത്മാർത്ഥതയുടെ ആശംസകൾ അറിയിക്കുന്നു.



പ്രസന്നകുമാർ പി
എസ് എം സി ചെയർമാൻ

# ആശംസകൾ

ഏതുകാലത്തിന്റെയും എല്ലാ സാധ്യതകളെയും അതിന്റെ പരമാവധിയിൽ ഉപയോഗപ്പെടുത്തുമ്പോൾ എക്കാലത്തേക്കുമായി ചില അറിവടയാളങ്ങൾ സൃഷ്ടിക്കപ്പെടും.ഈ 'കുഞ്ഞോള'ങ്ങളും അനുഭവങ്ങളുടെ അറിവടയാളങ്ങളായി എക്കാലത്തേക്കും നിലനിൽക്കട്ടെ എന്ന് ആശംസിക്കുന്നു



ഷാനി യു കെ
എം പി ടി എ പ്രസിഡണ്ട്

---

ചായോത്തിൽ വിരിഞ്ഞ കുഞ്ഞു പൂക്കളെ നവ മാധ്യമത്തിലൂടെ പ്രദർശിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സിനും Little ripples നും ആശംസകൾ നേരുന്നു.

പി നാരായണൻ
സീനിയർ അസിസ്റ്റന്റ്



# ആശംസകൾ

ജി എച്ച് എസ് എസ് ചായോത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



ദീപേഷ് കുമാർ
സ്റ്റാഫ് സെക്രട്ടറി

---

മാറുന്ന കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് വളരുന്ന തലമുറയ്ക്ക് അനിവാര്യമായ ഒന്നാണ് വിവരവിനിമയ സാങ്കേതിക വിദ്യ.ഈ ലക്ഷ്യം മുൻനിർത്തി കുട്ടികളെ സാങ്കേതിക മേഖലയിലെ സൗകര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കാൻ വേണ്ടി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ്  തയ്യാറാക്കിയ  ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു

മീനാകുമാരി
എസ് ആർ ജി കൺവീനർ



# ആശംസകൾ

സർഗാത്മകതയും സാങ്കേതികതയും കൈകോർക്കുന്ന Little ripples ന് എല്ലാവിധ ആശംസയും നേരുന്നു



സുകുമാരൻ പി വി
SIETC,GHSSCHAYOTH

# മികവുകൾ


അക്കാദമിക മികവിന്റെ കരുത്ത്
SSLC (2023) 100% വിജയം 73 Full A+
Plus2 92% വിജയം 32 Full A+
LSS-16 USS-28 GIFTED-3
600/600
520/520
90/90
കാർത്തിക ശ്രീധരൻ
സ്വാതിലക്ഷ്മി
മാളവിക എസ്.
ദേവാനന്ദ് എ. ഡി.
അന്താരാഷ്ട്രതലത്തോളമുയർന്ന കായിക മികവ്
അഭിനന്ദ് എ.വി.
അഭിന ടി. സുരേഷ്
പ്രത്യുഷ് രാജ്
അഭിഷേക് കണ്ണൻ
അൻവിത
ഇഷാനി മഹേന്ദ്രൻ
അഭിഷേക് ചന്ദ്രൻ
നിവേദ്യ
സംപതി എസ്. കുമാർ
ശ്രീരുദ്രാ രാജൻ
നന്ദഗോപൻ
വിധു സി.വി
കലയിലും കയ്യൊപ്പ് ചാർത്തുന്ന മികവ്
ജില്ലയിലെ മികച്ച പ്രകടനം
സംഘ നൃത്തം HS
നാടൻ പാട്ട് HS
റിതു ഗോപിനാഥ്
ആരാധ്യ പ്രശാന്ത്
അമൃതാ കൃഷ്ണ
ആദിത്യൻ ടി.
തിരുവാതിര HS
അഥീന കെ.
യു.പി. സംഘഗാനം 1st A ഗ്രേഡ്
നിവേദിത കെ.
ശിവഗംഗ ആർ.എം

## മാതൃകകൾ തീർത്ത് ടിം ചായോത്ത്




ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ കുടിവെള്ളപദ്ധതി



ജില്ലയിലെ ആദ്യത്തെ ഗണിതപാർക്ക്



വായന പരിപോഷിപ്പിക്കാൻ വിശാലമായ സെന്റ്രൽ ലൈബ്രറി



LKG,UKG, പ്രൈമറി കുട്ടികൾക്കായി ചിൽഡ്രൻസ് പാർക്ക്



കുട്ടികൾക്കുള്ള സുരക്ഷിത യാത്രക്കായി 5 ബസ്സുകൾ




ലഹരി മുക്തക്യാമ്പസ് എന്ന ലക്ഷ്യത്തോടെജില്ലയിലെ ആദ്യത്തെ 'മാ കെയർ' പദ്ധതി



ശാസ്ത്രപഠനം സാർത്ഥകമാക്കാൻ 25 ലക്ഷം രൂപ ചെലവിൽ ആധുനിക സംവിധാനങ്ങളോടെ മാതൃകാ ശാസ്ത്ര ലാബ്



# ജീവിതമാകണം ലഹരി



JOSIA BIJOSH

1.ആമുഖം
2.എന്താണ്  ലഹരി
3.ലഹരിപദാർത്ഥങ്ങള ടെ ഉപയോഗം വിദ്യാർത്ഥികളിൽ
4.ലഹരിയും യുവതലമുറയും
5.ലഹരിവസ്തുക്കളുടെ ദുരുപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ
6. ലഹരിമുക്ത കേരളം

ആമുഖം

ഇന്നത്തെ തലമുറ അഭിമുഖീ കരിക്കുന്ന ഏറ്റവും വലിയ സാമൂഹിക വിപത്തുകളിൽ ഒന്നാണ് ലഹരിയുടെ ഉപയോഗം.ഏതാനും പതിറ്റാണ്ട് മുമ്പ് വരെ 'ഡ്രഗ്' 'എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് 'ജീവൻ രക്ഷാ ഉപാധികളെയായിരുന്നു.ഇളം തലമു റയെ വിടരുന്നതിന് മുമ്പ് ഇല്ലാതാ ക്കാൻ സാധിക്കുന്ന മയക്കുമരുന്ന് ആണ് ഇന്ന് നാം 'ഡ്രഗ്' എന്ന ഓമനപ്പേര് നൽകി വിളിക്കുന്നത് എന്നത് ലജ്ജാവഹമായ ഒരു വസ്തുതയാണ് .ലഹരി മരുന്നുകളുടെ ഉപയോഗം മൂലം യുവതലമുറയുടെ ഒരു വലിയ വിഭാഗം തന്നെ നശിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാകൂ.

എന്താണ് ലഹരി

ഉപയോഗം മൂലം നമ്മുടെ മാനസിക ശാരീരിക തലങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന വസ്തുക്കളെയാണ് ലഹരിവസ്തുക്കൾ എന്ന് പറയുന്നത്.അതായത് ഇവയുടെ ഉപയോഗം മൂലം നമ്മുടെ ശാരീരികമായ പ്രവർത്തികളിലും മാനസികമായ ചിന്തകളിലും വ്യതിയാനങ്ങൾ ഉണ്ടാകുന്നു.ഏതെങ്കിലും രോഗത്തെ ഭേദമാക്കുന്നതിനോ ആരോഗ്യം സംരക്ഷിക്കുന്നതിനോ ലഹരി ഉപയോഗിക്കുന്നത് ലഹരിയുടെ ശരിയായ ഉപയോഗമായി കണക്കാക്കുന്നു.അധികമായാൽ അമൃതവും വിഷം എന്നാണല്ലോ ഔഷധപരമായതോ അല്ലാത്തതോ ആയ മരുന്നുകൾ ആവശ്യത്തിലധികം അളവിൽ നമ്മുടെ ശാരീരിക മാനസിക വ്യാപാരങ്ങളെ തകർക്കുന്ന രീതിയിൽ തെറ്റായി ഉപയോഗിക്കുന്നു എങ്കിൽ അത് ലഹരിവസ്തുക്കളുടെ ദുരുപയോഗമാകും

ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികളിൽ

ഇന്നത്തെ കുട്ടികളാണ് നാളത്തെ തലമുറയെ നയിക്കേണ്ടത്.നാളെയുടെ വരദാനങ്ങൾ ആയ കുട്ടികളെ തന്നെയാണ് ലഹരി മാഫിയ പ്രധാനമായും ലക്ഷ്യമിടുന്നത്.നമ്മുടെ സമൂഹത്തിൽ ആഴത്തിൽ വ്യാപിച്ചുകൊണ്ടിരുന്ന ഈ വിപത്തിന്റെ നീരാളിപിടിയിൽ ഭാവിയുടെ പ്രതീക്ഷകൾ ആകേണ്ട വിദ്യാർത്ഥികളും ഉൾപ്പെടുന്നു എന്ന ഭീകരാവസ്ഥയ്ക്കു മുമ്പിൽ പകച്ച് നിൽക്കുകയാണ് ഇന്ന് നാം . വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളിൽ വന്ന വർദ്ധനവാണ് ഇതിനുള്ള ഉത്തമ ദൃഷ്ടാന്തങ്ങൾ. ലഹരിവസ്തുക്കളുടെ ദുരുപയോഗം 14 മുതൽ 30 വരെ പ്രായമുള്ളവരിൽ വർദ്ധിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു

ലഹരിയും യുവതലമുറയും

ലഹരി എന്തെന്നറിയാനുള്ള ആകാംക്ഷ , അതിൽനിന്ന് കിട്ടുമെന്നു കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ,വിഷാദം,ക്ഷീണം എന്നിവ മാറ്റാൻ ഉത്തമമാണിതെന്ന തെറ്റിദ്ധാരണ, ശിഥിലമായ കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളിലുണ്ടാകുന്ന അരക്ഷിതാവസ്ഥ,അനാവശ്യ മത്സരബുദ്ധി,അമിത ഉത്കണ്ഠ,അപകർഷതാ ബോധം ഇതിലൂടെ ഉണ്ടാകുന്ന പിരിമുറുക്കത്തിൽ നിന്നും മാനസിക സമ്മർദ്ദത്തിൽ നിന്നും രക്ഷനേടാനുള്ള മാർഗം കണ്ടെത്തൽ എന്നിവയാണ് ചെറുപ്രായത്തിൽ തന്നെ ലഹരിവസ്തുക്കളിൽ അഭയം തേടുന്നതിന് യുവതലമുറയെ പ്രേരിപ്പിക്കുന്നത്.തുടർന്ന് ലഹരിയുടെ ഇത്തരം ദുരുപയോഗത്തിലൂടെ അതിന് അടിമപ്പെടുന്ന അവർ ജീവിതത്തിൽ നിന്നുതന്നെ പിൻവാങ്ങുകയും .സ്കൂൾ പരിസരത്ത് പോലും ഇന്ന് ലഹരിവസ്തുക്കളുടെ വില്പന വ്യാപകമാണ് ഇവ

ഉപയോഗിക്കുന്ന കുട്ടികൾ ക്രമേണ അവയുടെ സ്ഥിരം ഉപഭോക്താക്കളായി തീരുന്നു.ആഡംബര ജീവിതത്തോടുള്ള ഭ്...

ലഹരിവസ്തുക്കളുടെ ദുരുപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

വർദ്ധിച്ച വരുന്ന ലഹരി ഉപയോഗം സമൂഹത്തിൽ വിവിധതരത്തിലുള്ള ദൂശ്യഫലങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുന്ന സാഹചര്യത്തിലൂടെയാണ് നാം കടന്നു പോകുന്നത്.ഇത്തരത്തിലുള്ള ലഹരിവസ്തുക്കൾ ഉപയോഗിച്ച് ശേഷം അതിന്റെ പ്രഭാവം കഴിഞ്ഞാൽ വീണ്ടും അതേ സമ്മർദ്ദം നേരിടേണ്ടി വരും അത് വീണ്ടും മയക്കമരുന്ന് ഉപയോഗത്തിലേക്ക് നയിക്കും .അങ്ങനെ ഒരു ദൂഷികചക്രം സൃഷ്ടിക്കപ്പെടും.ലഹരിവസ്തുക്കളുടെ ഉപയോഗം സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ഉള്ള ബന്ധങ്ങളെ ബാധിക്കും ബുദ്ധി,ബോധം, ഓർമ്മ, ആത്മനിയന്ത്രണം എന്നിവയെ വിപരീതമായി ബാധിക്കും.ഏകാഗ്രത നഷ്ടം, പ്രശ്ന പരിഹാരത്തിന് സാധിക്കാതെ വരിക എന്നിവയും ലഹരിവസ്തുക്കളുടെ പാർശ്വഫലങ്ങളാണ്.

ലഹരിമുക്ത കേരളം

സമൂഹത്തിന്റെ ആരോഗ്യകരമായ ജീവിതത്തിന് ഭീഷണി ഉയർത്തിക്കൊണ്ട് ലഹരി എന്ന മഹാവിപത്ത് പടരുകയാണ്.സമൂഹത്തിന് കാർന്നുതിന്നുന്ന അപകടത്തിനെതിരെ ലോകജനതയ്ക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനേയാണ് ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനമായി ജൂൺ 26 ആചരിക്കുന്നത്.മയക്കമരുന്നിനും മറ്റും അടിമയായ നിർജീവമായ ഒരു സമൂഹമല്ല നമുക്ക് വേണ്ടത്,ലഹരി കടിമപ്പെട്ട ഒരു വ്യക്തിയിൽ ഒതുങ്ങി നിൽക്കേണ്ടതല്ല ബോധവൽക്കരണ ക്ലാസുകൾ ഓരോ മനുഷ്യനും ലഹരി വിമുക്ത കേരളത്തിനായുള്ള പോരാട്ടത്തിന്റെ മുന്നണി പോരാളികളായി മാറണം.എല്ലാ വിദ്യാലയങ്ങളിലും ലഹരി മരുന്നിന്റെ ഉപയോഗത്തിനെതിരെ. ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതുണ്ട്.ജനാധിപത്യബോധവും സാമൂഹിക പ്രതിബദ്ധതയും,സൃഷ്ടിക്കുന്ന തരത്തിലുള്ള കലാകായിക പ്രവർത്തനങ്ങൾസൃഷ്ടിക്കുന്ന തരത്തിലുള്ള കലാകായിക പ്രവർത്തനങ്ങൾ എന്നിവ സർക്കാരിന്റെയും മറ്റ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നടത്തേണ്ടതുണ്ട്.ലഹരി മരുന്നുകളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കുന്നതിനായി കേരള സർക്കാരും എക്സൈസ് വകുപ്പും ചേർന്ന് നടത്തുന്ന വിമുക്തി പദ്ധതി പുരോഗമിച്ച വരികയാണ്.തുടർന്നും ഇത്തരത്തിലുള്ള കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.കേവലം ഒരു ലഹരി മരുന്നിന് അടിമയായി ഹോമിക്കേണ്ടതല്ല നമ്മുടെ ജീവിതം.ജീവിതമാകണം നമ്മുടെ ലഹരി കൂട്ടായ പ്രവർത്തനത്തിലൂടെ ലഹരിക്കെതിരെ ചങ്ങല തീർത്ത് ഉത്തരവാദിത്വബോധവും പ്രതികരണ സന്നദ്ധതയും ഉള്ള നല്ലൊരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് കൈകോർക്കാം

# കൊറോണ എന്ന മഹാമാരി

ടിവിയിലൂടെ കേട്ട വാർത്തയിൽ ഒരു നിമിഷം അയാൾ തരിച്ചു നിന്നു. എന്ത് ചെയ്യണം എന്നറിയാതെ അയാൾ കണ്ണുകൾ ഇറുകെ അടച്ചു. പെട്ടെന്ന് കണ്ണുതുറന്നു കൊണ്ട് അയാൾ തന്റെ പോക്കറ്റിലും മുന്നിലുള്ള മേശയിലും പരുതാൻ തുടങ്ങി. അയാൾക്ക് കൈകാലുകൾ തളർന്നു പോകുന്നതു പോലെ തോന്നി. എന്തോ ഓർമ്മ വന്നതും തന്റെ മുറിയിലേക്ക് അയാൾ ഓടി. മുറിയിലെ കുഞ്ഞു കട്ടിലിന്റെ ഒരു വശത്തുള്ള കുഞ്ഞു മേശയിൽ അയാളുടെ കണ്ണുകൾ പതിഞ്ഞു. ഒറ്റ കുതിപ്പിന് അത് കൈക്കലാക്കുമ്പോൾ  കൈകൾ വിറച്ചു കൊണ്ടിരുന്നു. കയ്യിലുള്ള തന്റെ മൊബൈൽ ഫോൺ എടുത്ത്  വാട്സ്ആപ്പ് കോൾ ചെയ്തു. അയാൾ ഏറെ ഭയപ്പെട്ടിട്ടുണ്ട് എന്ന് തെളിയിക്കാൻ അയാളുടെ ചെന്നിയിലൂടെ  വിയർപ്പ് ചാലിട്ടൊഴുകാൻ തുടങ്ങി. നെഞ്ച് ക്രമാതീതമായിഇടിക്കാൻ തുടങ്ങി. മറുവശത്ത് കോൾ എടുത്തതും ഒരു ദീർഘനിശ്വാസം അയാളിൽ നിന്ന് പുറത്തേക്ക് വന്നു മറുവശത്ത് നിന്നും തേങ്ങുന്നതു കേട്ടതും അയാൾ പറഞ്ഞു.

"ഷാഹിന.... കരയരുത്.."
മറുവശത്തുള്ളവളെ ആശ്വസിപ്പിക്കാൻ പറഞ്ഞതാണെങ്കിലും അയാളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു.

"എങ്ങനെ കരയാതിരിക്ക.... ഇത്രേം കാലം ഒന്നു കാണാൻ കാത്തിരിക്കുകയായിരുന്നില്ലേ ഞാൻ...

ഇല്ല...ഞാൻ വരും... ഇതിനെ നേരിട്ടേ മതിയാകൂ..
കോൾ അവസാനിച്ചതും അയാൾ തലയിൽ കൈവെച്ച് ആ കട്ടിലിൽ തന്നെ ഇരുന്നു പോയി. കണ്ണുകൾ നിറയാൻ വെമ്പി.
ഇത് പ്രവാസിയായ നൗഫൽ.. ഏറെ നാളായി നാട്ടിലേക്ക് പോകാൻ കഴിയാതെ . വിഷമിച്ചിരിക്കുകയായിരുന്നു നൗഫൽ . ഒരു സാധാരണ കുടുംബത്തിൽ ജനിച്ചതുകൊണ്ടുതന്നെ കുടുംബത്തിന്റെ പ്രാരാബ്ദം തീർക്കാൻ വേണ്ടി സ്വന്തം നാട്ടിൽ നിന്നും മണലാരണ്ണ്യങ്ങളിലേക്ക് ചേക്കേറിയതാണ് നൗഫൽ. രണ്ടുവർഷമായി അയാൾ നാട്ടിലേക്ക് പോയിട്ട്. വാർദ്ധക്യത്തിലെത്തിയ തന്റെ ഉപ്പായെയും ഉമ്മയും കുറച്ച് ഓർത്ത് കരയാത്ത ദിവസങ്ങളില്ല . അയാളുടെ ജീവിതത്തിൽ.

അവസാനം നാട്ടിൽ പോയപ്പോൾ തണലായി ഒരാളെ വേണം എന്ന് കരുതി നൗഫൽ കല്യാണം കഴിച്ചു. കുറെനാൾ നാട്ടിൽ ഉണ്ടായിരുന്നു. അവധി കഴിഞ്ഞപ്പോൾ തിരിച്ചു ജോലി സ്ഥലത്തേക്ക് എത്തി. ഇന്ന് നൗഫൽ ഒരു കുഞ്ഞിന്റെ അച്ഛനാണ്. പക്ഷേ അവന് തന്റെ  ചോരയെ കാണാൻ ഒരു അവസരം ലഭിച്ചിരുന്നില്ല. ഏറെ നാളുകളുടെ പരിശ്രമം കാരണം കിട്ടിയ  ലീവിന് നാളെ നാട്ടിലേക്ക് പോകാൻ ഇരിക്കുകയായിരുന്നു നൗഫൽ. എന്നാൽ കുറച്ചുനേരം മുൻപ് കേട്ട വാർത്തയിൽ അയാളുടെ മനസ്സ് മരവിച്ചു പോയിരുന്നു. " നാട്ടിൽ കൊറോണ രൂക്ഷമായി... പ്രവാസികൾ നാട്ടിലേക്ക് എത്തിയാൽ 14 ദിവസം ഒറ്റയ്ക്ക് ഒരു മുറിയിൽ നിരീക്ഷണത്തിൽ കഴിയണം നാളെ രാവിലെ ആയിരുന്നു നാട്ടിലേക്കുള്ള ഫ്ലൈറ്റ് അയാളുടെ ചിന്ത അന്നേരം എങ്ങനെയെങ്കിലും നാട്ടിലേക്ക് എത്തണം എന്നു മാത്രമായിരുന്നു പിറ്റേദിവസം പുലർച്ചക്കുള്ള ഫ്ലൈറ്റിൽ അയാൾ നാട്ടിൽ എത്തി. അവിടുന്ന് നേരെ നാട്ടിൽ തനിക്ക് 14 ദിവസത്തെ നിരീക്ഷണത്തിന് തയ്യാറാക്കിയിരുന്ന വീട്ടിലേക്ക്. കാറിൽ നിന്നിറങ്ങി ആ വീട്ടിലേക്ക് കയറുമ്പോൾ അയാൾ കണ്ടു ദൂരെ തങ്ങളെ നോക്കി നിൽക്കുന്ന തന്റെ വീട്ടുകാരെ. തന്റെ കുഞ്ഞിനെ എടുത്ത് നിറകണ്ണാലെ നോക്കി നിൽക്കുന്ന ഭാര്യ ഷഹീനായെ. നൗഫലിന് തന്റെ വീട്ടുകാരുടെ അടുത്തേക്ക് ഓടിച്ചെന്ന് തന്റെ കുടുംബക്കാരെ മാറോടണയ്ക്കാൻ തോന്നി. തന്റെ കുഞ്ഞിനെ വാരിപ്പുണർന്ന് മുത്തം കൊണ്ട് മൂടാൻ തോന്നി പക്ഷേ ഒന്നിനും കഴിയാതെ അയാൾ നിസ്സഹായനായി നിന്നു. കണ്ണിൽ വെള്ളം നിറഞ്ഞിട്ട് കാഴ്ചയ്ക്ക് മങ്ങലേക്കാൻ തുടങ്ങി. അയാൾക്ക് പൊട്ടി കരയാൻ തോന്നി. മനസ്സറിഞ്ഞു കൊണ്ട് അയാൾ കൊറോണ എന്ന മഹാമാരിയെ ശപിച്ചു. ഏതോ സ്വപ്നത്തിൽ നിന്നും അയാൾ ഞെട്ടി എഴുന്നേറ്റു. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ. എല്ലാം കഴിഞ്ഞിട്ട് ഇന്നേക്ക് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. കൊറോണ എന്ന മഹാമാരിയിൽ നിന്ന് കരകയറിയിട്ട് ഒരു വർഷം. പക്ഷേ ഒരു പാടുപേരുടെ ജീവിതം കൊറോണ കൊണ്ടുപോയി. നൗഫൽ തന്റെ നെഞ്ചോട് ചേർന്നുറങ്ങുന്ന തന്റെ കുഞ്ഞിനെ നോക്കി.ഇനി ഒരു മടക്കയാത്ര ഇല്ല എന്ന് തീരുമാനിച്ച് നാഫൽ തന്റെ പ്രവാസജീവിതം ഒഴിവാക്കി. ഇനി നാട്ടിൽ തന്നെ ജീവിക്കാൻ തീരുമാനിച്ചു . ഒരുപാട് പേരുടെ ജീവിതം ഇതുപോലെ കൊറോണ മാറ്റിമറിച്ചിരിക്കുന്നു...

കവിത

# കാഴ്ചകൾ

DILNARAJ



DILNARAJ

എൻ ജീവിതം തുടങ്ങുന്നു
വീടുതൻ കോവിലിൽ.
അമ്മയെന്ന സ്നേഹത്തിൻ ഉറവിടം
അച്ഛനെന്ന കരുതലിൻ ഉറവിടം
സാഹോദര്യത്തിന്റെ ഉറവിടം
എന്റെ വീടിന്റെ ഐശ്വര്യം
കഷ്ടപാടെന്തെന്നറിയിക്കാതെ
സ്നേഹം മാത്രം നൽകി
വളർത്തുന്നു ഞങ്ങളെ
കഷ്ടപ്പാടുകൾ വേദനകളും
ഉള്ളിലൊതുക്കി ജീവിക്കുന്ന അച്ഛനും അമ്മയും
തട്ടിയും മുട്ടിയും പിണങ്ങിയും ഇണങ്ങിയും
സ്നേഹത്തിന്റെയും കരുതലിന്റെയും ഉറവിടമായ
സാഹോദരങ്ങൾ
കഥയും കവിതകളും പറഞ്ഞുതരുവാൻ
സ്നേഹനിധിയായ മുത്തശ്ശിയും മുത്തച്ഛനും
ഇണങ്ങിയും പിണങ്ങിയും
സന്തോഷത്തോടെ ഒരുമയോടെ
വസിക്കും എന്റെ വീട്
നമ്മുടെ ആദ്യത്തെ വിദ്യാലയമാണ് വീട്
വീടിനകത്തുനിന്നും പടിക്കുന്നകാര്യങ്ങൾ
ജീവിതം എന്ന സാഗരത്തിൽ ഗുണം ചെയ്യും.
വീട്ടിൽ ഉള്ളവർ ഏതു പ്രതിസന്ധിയിലും
നമ്മുടെ കൂടെ ചേർന്നു നിൽക്കും.
ഞാൻ എന്ന വീടിനെ സ്നേഹിക്കുന്നു
സ്നേഹം കൊണ്ട് പൊതിഞ്ഞ എന്റെ വീടിനെ ഞാൻ
സ്നേഹിക്കുന്നു.

കവിതാരചന

# സ്നേഹഭവനം

**പു**ലർക്കാല സൂര്യൻ എത്തിനോക്കി
മിഴിതിറന്നു ഞാൻ,വന്ദിച്ചപ്പോൾ
എൻ,സ്വർഗമാകുമെൻ വീടിൻ –
ജനാലയിൽ എത്തി ,രണ്ടിണക്കിളികൾ.
എന്റെ ആകാശവും എന്റെ ഭൂമിയും
എന്റെ സ്വർഗവും എന്റെ വീട്
നീലഗിരിക്കുന്നിൻ ഇടയിലൂടെ
ഓങ്ങുമരത്തിന്നിടയിലൂടെ
കാണുന്നതാണെന്റെ സ്വർഗഭൂവ്
ഇലഞ്ഞിപ്പൂമണമൊഴുകും കാട്ടു–
ചോല,പാടുന്നു എൻ വീടിൻ സൗന്ദര്യം
മുറ്റത്തെ പൂന്തൊപ്പിൽ മധുപകരാനെത്തും–
ചിത്രശലഭവും കൂട്ടുകാരും,
അമ്മ ചുടുന്നയാ ദോശ കക്കാനായി
പമ്മിപതുങ്ങിയെൻ കിങ്ങിണിപ്പൂച്ചയും.
ബാൽക്കണി മൂലയിൽ കൂട്ട കൂട്ടുന്നു
പച്ചപ്പനന്തത്ത ചങ്ങാതി.



RITHIKA RAJESH

# വൃദ്ധാസദന സന്ദർശനം

സാമൂഹിക പ്രശ്നങ്ങൾ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട 9Aയിലെ കുട്ടികളാണ് മലപ്പച്ചേരി വൃദ്ധാസദനത്തിൽ സന്ദർശനം നടത്തിയത് കുട്ടികൾ എല്ലാവരും നല്ല അച്ചടക്കത്തോടെപരിപാടിയിൽ പങ്കാളികളായിഅവിടുത്തെഅ ന്തേവാസികൾക്ക കുട്ടികൾ സ്വരൂപിച്ച പണം നൽകുകയും അവരോട് സംസാരിക്കാൻ സമയം കണ്ടെത്തുകയും ചെയ്തു.കുട്ടികൾ അവർക്ക് വേണ്ടി പരിപാടികൾ അവതരിപ്പിച്ച അന്തേവാസികൾഅനുഭവിക്കു ന്ന പ്രായോഗിക പ്രശ്നങ്ങൾ വൃദ്ധാസദന നടത്തിപ്പുകാർവിദ്യാർത്ഥികൾക്ക് വിശദീകരിച്ചു നൽകി.







# ജപ്തി നോട്ടീസ്



സൂര്യൻറെ കനക വർണ്ണം ഭൂമിയിൽ പതിച്ചു തുടങ്ങി അതിനുമുമ്പ് തന്നെ ഗോപാലൻ വീട്ടിൽ നിന്ന് ഇറങ്ങിയിട്ടുണ്ട്. തൻറെ ഏറ്റവും അടുത്ത മിത്രമായ തൂമ്പയുമായി.
ഒരു മൈൽ ദൂരെ ചെന്നാൽ ഗോപാലന്റെ സ്വന്തം ലോകമാണ്. അടുത്തമാസമാണ് ഞാറു നടേണ്ടത് അപ്പോഴേക്കും നിലം തയ്യാറാക്കണം. ഹനുമാൻ ഗതയുമായി പോകുന്നതുപോലെ തൂമ്പയുമായി അദ്ദേഹം പോകുന്നത്..
പക്ഷേ അതിൽ ഒരു തിരുത്തുണ്ട് ഹനുമാനെ പോലെ തടിയോ വണ്ണമോ ആരോഗ്യമോ ഗോപാലൻ ചേട്ടനില്ല, എല്ലും തോലുമായി ശരീരം കണ്ണുകൾ കുഴിഞ്ഞു മുടികൾ നരച്ച് ഒരല്പം ഇരുണ്ട നിറം ഒരു 50 60 വയസ്സ് കാണും,, ഗോപാലൻ ചേട്ടനെ കുറിച്ച് പറയാണെങ്കിൽ സത്യസന്ധൻ നിഷ്കളങ്കമായ പുഞ്ചിരിക്കുന്ന മുഖം അധ്വാനശീലനായ അദ്ദേഹം സമൂഹത്തിലെ എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയായിരുന്നു ഗോപാലൻ ചേട്ടൻ, നല്ല ഒരു കർഷകനായ അദ്ദേഹം ഒരു കുടിലിൽ ഭാര്യയും രണ്ട് മക്കളും സന്തോഷമായി ജീവിക്കുന്നു.
മൂത്തമകൾ കല്യാണ പ്രായമായി ചെറിയ മകൾ പത്താം ക്ലാസിലും പഠിക്കുന്നു രണ്ടുപേരും പഠിക്കാൻ മിടുക്കരാണ് പക്ഷേ ദാരിദ്ര്യം കൊണ്ട് മൂത്തവൾ പഠിപ്പ് നിർത്തി.. സമ്മാനങ്ങൾ രണ്ടുപേരും വാരിക്കൂട്ടിയിരുന്നു. പക്ഷേ അത് എടുത്തു വയ്ക്കാൻ ഒരു നല്ല അലമാര പോലും അവർക്ക് ഉണ്ടായിരുന്നില്ല. ഈ വർഷം വേനൽ ചൂടും കൂടുതലാണ്. അതുകൊണ്ട് മഴയൊക്കെ കുറവാണ് ആശങ്കയും ഗോപാലൻ ചേട്ടനുണ്ട് ഭാര്യ കൊടുത്തുവിട്ട പൊതിച്ചോറ് വരമ്പത്ത് വെച്ച് പാടത്ത് ഇറങ്ങി പണിയെടുക്കാൻ തുടങ്ങി.. ഗോപാലൻ ചേട്ടാ എന്നൊരു വിളി. തിരിഞ്ഞു നോക്കിയപ്പോൾ രാമൻ. എവിടെക്കാ രാമ. ഞാൻ കുറച്ചു കശുവണ്ടിയുമായി കടയിൽ കൊടുക്കാൻ പോകുന്നു.. പക്ഷേ ഞാൻ പോകുന്ന കടയിൽ വില കുറവാണ് എങ്കിലും അവിടെ കൊടുക്കാൻ തന്നെ നിവർത്തിയുള്ളൂ ടൗണിൽ പോയി കൊടുക്കാൻ അത്ര കശുവണ്ടി ഒന്നും കിട്ടുന്നില്ല കുറവാണ്.. അല്ല ഗോപാലേട്ടാ ഇത്തവണത്തെ വിത്തൊക്കെ എവിടുന്നാ കിട്ടിയത് ഞാൻ പറഞ്ഞ സ്ഥലത്തുനിന്ന് തന്നെയാണോ മേടിച്ചത്. ... അതെ വില അല്പം കൂടുതലാണ് കൂടുതലാണെങ്കിലും വിളവ് കൂടുതൽ .. കിട്ടിയാൽ മതിയായിരുന്നു വിത്തു തന്നെ കടമായ മേടിച്ചത് ഒരല്പം പുഞ്ചിരിയോടെ.. ഗോപാലൻ ചേട്ടൻ

മറുപടി നൽകി ഞാൻ പോയിട്ട് വരാം എന്ന് പറഞ്ഞു രാമൻ ചേട്ടൻ നടന്നു നീങ്ങി ഒരുപാട് ച്ചുമതലകളും കടങ്ങളും നീങ്ങും എന്ന പ്രതീക്ഷയിൽ ഗോപാലൻ ചേട്ടൻ സ്വപ്നങ്ങൾ കണ്ടുകൊണ്ട് പണി തുടർന്നു..... വിശപ്പും ദാഹവും വന്നു അദ്ദേഹം ഒരു കിണർ പോലെ കുഴിച്ച കുഴിയിൽ നിന്നും കവുങ്ങിൻ പാള കൊണ്ട് കോട്ടിയെടുത്ത പാത്രം കൊണ്ട്. വെള്ളം കോരിയെടുത്ത് മുഖവും കാലും കഴുകി ഭാര്യ തന്നു വിട്ട പൊതിച്ചോറ് അഴിച്ച് ആർത്തിയോടെ കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കാക്ക അരികിൽ വന്നു. കാ കാ എന്ന് കരഞ്ഞു കൊണ്ടിരുന്നു. കുറച്ചു ചോറെടുത്ത് കാക്കക്ക് ഇട്ടു കൊടുത്തു അന്നമല്ലാം ആർത്തിയോടെ കഴിച്ചു പറന്നു പോയി. ഗോപാലൻ ചേട്ടൻ പണി തുടർന്നു. ക്ഷീണിതനായപ്പോൾ ഗോപാലൻ ചേട്ടൻ വീട്ടിലേക്ക് മടങ്ങി. അങ്ങനെ ഒരു മാസം കഴിഞ്ഞു വെയിലിന്റെ ച്ചൂട് കൂടുന്നതുപോലെ ഗോപാലൻ ചേട്ടൻറെ കടങ്ങളും കൂടിക്കൂടിവന്നു. ഗോപാലൻ ചേട്ടൻ ഒരു ദിവസം പാടത്തുനിന്നും വന്ന് ഉമ്മറത്തിരുന്നു. മുഖമുല്ലം വാടിയത് കൊണ്ട് ഭാര്യ ചോദിച്ചു. എന്താ ഗോപാലൻ ചേട്ടാ ഒരു വിഷമം. "അത് പാടത്ത് വെള്ളമെല്ലാം കുറഞ്ഞു. നെൽച്ചെടി വാടിക്കൊണ്ടിരിക്കുന്നു എന്നാ ചെയ്യുക ഒരു ഒത്തും പിടിയും കിട്ടുന്നില്ല ശാരദേ." കർഷകന്റെ നിരാശ കൂടിക്കൂടി വന്നു എന്റെ ദൈവമേ നീയും എന്നെ കൈവിടുകയാണോ. പാടിത്തളർന്ന് വിഷാദനായി അദ്ദേഹം ഉറങ്ങി. നേരം പുലർന്നു മക്കൾ സ്കൂളിൽ പോകാനുള്ള തകൃതിയിൽ അമ്മ അവരെ ഒരുക്കുന്ന തിരക്കിലായിരുന്നു ഗോപാലൻ ചേട്ടൻ നല്ല ഉറക്കത്തിലാണ് ഇന്നലെ നല്ല തലവേദന ഉണ്ടായിരുന്നു കുറച്ച് ഉറങ്ങട്ടെ ഭാര്യ വിചാരിച്ചു. പത്തുമണി കഴിഞ്ഞിരിക്കുന്നു "എന്താ ഗോപാലൻ ചേട്ടൻ എണീക്കാത്തത്" ഭാര്യ പിറുത്തു കൊണ്ടേയിരുന്നു അപ്പോഴാണ് പോസ്റ്റ്മാൻ വന്നത് ഒരു കത്തുണ്ട് ഭാര്യ ശാരദ മേടിച്ചു അതും കൊണ്ട് ഗോപാലൻ ചേട്ടന്റെ അരികിലെത്തി തട്ടി വിളിച്ചു ഉണർന്നില്ല ഭാര്യ നിലവിളിച്ചു. നാട്ടുകാർ ഓടിക്കൂടി ഗോപാലൻ ചേട്ടൻ ഈ ലോകത്തിനോട് വിട പറഞ്ഞിരിക്കുന്നു ആരോ ഒരാൾ ആ കത്ത് എടുത്തു വായിച്ചു അതൊരു ജപ്തിനോട്ടീസ് ആയിരുന്നു.....

Nivedya Rajiv
Class 8E

ഉപന്യാസം

## സമൂഹത്തിന്റെ കാവൽക്കാരാകേണ്ട പുതു തലമുറ

കുട്ടികളുടെ പ്രശ്നങ്ങൾ ഇന്ന് നമ്മുടെ ലോകത്ത് കൂടിവരികയാണ്. ഇന്ന് പുതുതലമുറയുടെ നിരവധി പ്രവർത്തികൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. ഇവരുടെ ഈ പ്രവർത്തികൾ കണ്ടാൽ നാളെ ഇവർ ഈ ലോകത്തെ എങ്ങനെ സംരക്ഷിക്കും, അവർ ഈ ലോകത്തിന്റെ കാവൽക്കാരാകുമോ എന്നൊക്കെ സംശയം തോന്നും. ഇവരുടെ ഈ പ്രശ്നങ്ങൾക്കൊക്കെ കാരണവും ഈ ലോകം തന്നെയാണ് , ഈ പുതുതലമുറയുടെ പ്രശ്നങ്ങൾക്കുള്ള പല കാരണങ്ങളും ഈ ലോകത്തു തന്നെയുണ്ട് കുടുംബ പ്രശ്നങ്ങൾ, അമിതമായുള്ള ഫോൺ ഉപയോഗം, മയക്കുമരുന്ന് ഇവയൊക്കെ ഇതിനു കാരണമാണ്. അതിനാൽ കുട്ടികൾ ചെയ്യുന്ന കുറ്റകൃത്യങ്ങളും കൂടുന്നു. അതുകൊണ്ട് ദുർഗുണ പാഠശാലകളും കൂടിവരുന്നു

കുടുംബത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും കുട്ടികളെ നന്നായി ബാധിക്കുന്നു. കുടുംബത്തിൽ ഒരു വിള്ളൽ വീണാൽ അത് ആദ്യം ബാധിക്കുന്നത് കുട്ടികളെയാണ്. പല കുടുംബങ്ങളിലും ഈ പ്രശ്നങ്ങൾ സർവസാധാരണയായി വരുന്നു. അച്ഛനും അമ്മയും ദിവസവും പ്രശ്നമുണ്ടക്കുന്ന വീടുകളിലെ കുട്ടികളുടെ സ്വഭാവവും മാറുന്നു. ഇതുപോലെയുള്ള വീടുകളിലെ കുട്ടികൾക്ക് സ്നേഹമെന്തെന്ന് അറിയില്ല, കളിയും ചിരിയും എന്ത് എന്ന് അറിയില്ല, എന്നാൽ ചില കുടുംബങ്ങളിൽ കുട്ടികളെ കൂട്ടിലടച്ച പോലെയാണ് വളർത്തുന്നത് അവർക്ക് കളിക്കാൻ പറ്റുന്നില്ല, വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ പറ്റുന്നില്ല. ഇങ്ങനെയുള്ള കുട്ടികളിൽ പലപ്പോഴും അസ്വസ്ഥതയും മറ്റു പ്രശ്നങ്ങളും എല്ലാം കൂടുന്നു. അതിനാൽ കുടുംബാംഗങ്ങൾക്ക് കുട്ടികളുടെ പ്രശ്നങ്ങളിൽ വലിയ പങ്കുണ്ട്. മിക്ക പ്രശ്നങ്ങൾക്കും വീട്ടുകാർ തന്നെയാണ് കാരണം. കുട്ടികളെ വീട്ടിൽ ഒരു സ്വാതന്ത്ര്യവുമില്ലാതെ കൂട്ടിലിട്ട പോലെ വളർത്തി അവർക്ക് സമൂഹവുമായുള്ള ബന്ധം കുറയ്ക്കുന്നു. രക്ഷിതാക്കളുടെ ഇഷ്ടങ്ങൾ അവരിൽ അടിച്ചേൽപ്പിക്കുന്നു അവരെ സ്വന്തമായി തീരുമാനം എടുക്കാൻ അനുവദിക്കുന്നില്ല. ഇങ്ങനെയുള്ള രക്ഷിതാക്കളെ നമുക്ക് ഈ സമൂഹത്തിൽ എവിടെയും കാണാം

ഇന്നത്തെ തലമുറയെ ഏറെ സ്വാധീനിക്കുന്ന മറ്റൊന്ന് ഫോൺ ആണ്. കുട്ടികളിലെ അമിതമായ ഫോൺ ഉപയോഗം പല പ്രശ്നങ്ങളിലേക്കും നയിക്കുന്നു. കൊറോണക്കാലത്താണ് ഈ ഫോൺ ഉപയോഗം തുടങ്ങിയത് എന്നാൽ ഇന്നും ഇത് കൂടികൂടിവരുന്നു. ഫോണിലെ പല ഗെയിമുകളും കളിച്ച് പണം നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്ത കുട്ടികൾ നിരവധിയാണ്. എന്നാൽ ചില കുട്ടികൾ ഫോൺ നോക്കി ഫോണി നിറ്റായി, പിന്നെ ഫോൺ നോക്കാതിരിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാകുന്നു. ഫോൺ കിട്ടിയില്ലെങ്കിൽ അവർക്ക് പല പ്രശ്നങ്ങളും ഉണ്ടാകും. ഫോൺ നോക്കി കണ്ണിന് കാഴ്ച്ച നഷ്ടപ്പെട്ടവർ ഇന്ന് വളരെ കൂടുതലാണ്. എന്നാൽ ഫോൺ അമിതമായി ഉപയോഗിച്ച് അത് പൊട്ടിതെറിച്ച വാർത്തയും നാംടീവിയിലൂടെയും
പത്രത്തിലൂടെയും കേട്ടിട്ടുണ്ടാകും. ഈ ഫോണിന്റെ ആവശ്യമില്ലാത്ത ഉപയോഗം കൊണ്ട് കുട്ടികളിൽ പല കാര്യങ്ങളും ചെയ്യാനുള്ള പ്രവണത ഉണ്ടാകുന്നു, ആത്മഹത്യാപ്രവണത, എന്തും ചെയ്യാൻ മടിയില്ലാത്ത ഒരു അവസ്ഥയും ഉണ്ടാകുന്നു. അതിനാൽ ഇന്നത്തെ കുട്ടികളെ ഈ ഫോണാണ് നിയന്ത്രിക്കുന്നത്, അവരുടെ ജീവിത രീതിയെയും ദിനചര്യത്തെയും എല്ലാം നിയന്ത്രിക്കുന്നത്. അവരുടെ ജീവിതത്തിലെ ഒരു ഭാഗമായി മൊബൈയിൽ ഫോൺ മാറുന്നു, ഫോണിനെ ജീവിതത്തിൽ നിന്ന് മാറ്റാൻ പറ്റാതാവുന്നു. ഇന്നത്തെ കുട്ടികളുടെ അവസ്ഥ ഇതാണ്.

ഇവരുടെ ഈ പ്രശ്നം പരിഹരിക്കാൻ വളരെ കഷ്ടപ്പാടാണ്. ഈ തലമുറയിലെ കുട്ടികളിൽ ഇൻസ്റ്റാഗ്രാമും ഫെയ്സ് ബുക്കും വാട്സ് ആപ്പും എല്ലാം ഇല്ലാത്തവർ കുറവാണ്. ഇവരുടെ ഈ ഫോൺ ഉപയോഗം കുറയ്ക്കേണ്ടത് ഈ ലോകത്തിന്റെ തന്നെ ആവശ്യമാണ്.

ഇന്ന് ഈ ലോത്ത് അടുത്ത കാലത്ത് വന്ന ഏറ്റവും വലിയ പ്രശ്നമാണ് മയക്കുമരുന്ന് . ഇന്ന് മയക്കുമരുന്ന് ഉപയോഗം വർധിച്ചു വരുന്നു ആദ്യം ഇത് ചെറുപ്പക്കാരിലായിരുന്നു ഉണ്ടായിരുന്നത് ഇപ്പൊ അത് കുട്ടികളിലേക്കും വന്നിരിക്കുന്നു. യുവാക്കളിൽ തന്നെ പലരും അറിഞ്ഞോട്ടും അറിയാണ്ടുംഇന്ന് മയക്കുമരുന്ന് ഉപയോഗിക്കുന്നു. പലരും പ്രകോപനത്തിനു വഴങ്ങിയാണ് ഇത് ഉപയോഗിക്കുന്നത് പിന്നെ അവർക്ക് അത് ഇല്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാകുന്നു. യുവാക്കൾ പിന്നീട് മയക്കുമരുന്ന് കുട്ടികളിലേക്ക് എത്തിച്ചു. മിഠായിരൂപത്തിലാണ് ഇന്ന് മയക്കുമരുന്നും കുട്ടികളിലേക്ക് എത്തുന്നത്. ആദ്യം അവർക്ക് ഇത് കൊടുത്ത് പരീക്ഷിക്കുന്നു പിന്നീട് അവർ ഇത് ചോദിച്ച് അവരുടെ അടുത്ത ത്തുന്നത്. എത്ര പണം കൊടുത്തും വാങ്ങുന്നു, പിന്നീട് അതില്ലാതെ പറ്റാത്ത അവസ്ഥ ഉണ്ടാക്കുന്നു, എന്നാൽ മിഠായിയുടെ രൂപത്തിൽ വരുന്ന മയക്കുമരുന്നുകൾ പലതും മിഠായിയാണെന്ന് കരുതി കഴിക്കുന്നതാണ്. പിന്നീട് അത് ഒരു കുട്ടിയിൽ നിന്ന് മറ്റൊരു കുട്ടിയിലേക്ക് എത്തുന്നു. പിന്നീട് ആ മയക്കു മരുന്ന് പരത്തുന്ന ആളായി തന്നെ കുട്ടികൾ മാറുന്നു. അങ്ങനെ ഇത് ഓരോരുത്തരുമായി കൈമാറി കൈമാറി ഈ ലോകം മുഴുവൻ പരക്കുന്നു . എം ടി എം എ പോലുള്ള മാരകമായ പല മയക്കുമരുന്നുകളും ഇതുപോലെ കൈമാറി നമ്മുടെ ഈ ലോകത്തെ കൈയ്യടക്കിയിരിക്കുകയാണ്. ഇത് ഒരു പ്രാവശ്യം ഉപയോഗിച്ചാൽ അതില്ലാതെ പിന്നീട് ജീവിക്കാൻ പറ്റാത്ത  അവസ്ഥയാണ് അവർക്ക് ഉണ്ടാക്കുന്നത്. അങ്ങനെയാണ് ഇത് ഈ ലോകത്തിന്റെ ആഗമാനം എത്തിയത്. ഇതിലൂടെ കുട്ടികളുടെ സ്വഭാവവും മാറുന്നു, ഇതിലൂടെ നമ്മുടെ നാട്ടിലെ പല പ്രശ്നങ്ങളും വർധിക്കുന്നു, പല അക്രമണങ്ങളും ചെയ്യുന്നത്, കൊലപാതകം, മോഷണം ഇതെല്ലാം അവർ ചെയ്യുന്നു കുട്ടികളുടെ മരണവും ഇന്ന് കൂടുകയാണ് അമിതമായ മയക്കുമരുന്ന് ഉപയോഗം കൊണ്ട് ആത്മഹത്യാപ്രവണതയുംഅവർക്ക് ഉണ്ടാകുന്നു.

കുട്ടികളുടെ പ്രശ്നങ്ങൾ ഇങ്ങനെ കൂടി കൂടി വരികയാണ്. ഈ പ്രശ്നങ്ങളൊക്കെ കുറയ്ക്കേണ്ടത് ഈ ലോകത്തിന്റെ ആവശ്യമാണ് ഇതിലൂടെ കുട്ടികൾക്ക് ഉണ്ടാകുന്ന് വിശാദവും മറ്റ രോഗങ്ങളും കൂടുന്നു. ഈ പ്രശ്നങ്ങൾ തടയാൻ അവരുടെ അച്ഛനമ്മമാർക്കാണ് ഏറെ കഴിയുന്നത്. എന്നാൽ കുട്ടികളുടെ ഈ പ്രശ്നങ്ങൾ തടയാൻ നമ്മുടെ കേരളത്തിൽ തന്നെ പല സ്ഥലങ്ങളുമുണ്ട് ചൈൽഡ് ലൈൻ, ചൈൽഡ് ഗൈഡൻസ് ക്ലിനിക്ക്, കൗൺസിലിങ്ങ് സെന്റർ,അങ്ങനെ പലതും കുട്ടികൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ വിളിക്കാനും അവരുടെ പ്രശ്നങ്ങൾ കണ്ടുപിടിക്കാനും അതിനു പരിഹാരം കാണാനുമായി ഉണ്ട്. അതിനായി സ്കൂളുകളിൽ തന്നെ ഇപ്പോൾ കൗൺസിലിൽ ടീച്ചർമാരും ഉണ്ട് . ഇവരെയൊക്കെ കൊണ്ട് ഈ ലോകത്തെ മാറ്റിയെടുക്കാൻ കഴിയും, കുട്ടികളുടെ ഫോൺ ഉപയോഗവും മയക്കുമരുന്ന് ഉപയോഗവും എല്ലാം കുറയ്ക്കാം കുട്ടികളെ പുതിയെ, തലമുറയെ നല്ലൊരു തലമുറയായി മാറ്റിയെടുത്ത് ഈ ലോകത്തിന്റെ കാവൽക്കാരാക്കി ഈ ലോകത്തെ സംരക്ഷിക്കാം, ദുർഗുണ പാഠശാലകളുടെ എണ്ണം കുറയ്ക്കാം.

------------------------------------

Ok

പാർവ്വതി .ആർ . പ്രകാശ്
9 E



# രജനി

മാനത്തമ്പിളി പുഷ്പമായ് വിടരുന്ന നേരം
വെള്ളി നിലാവിൽ നീ തിളങ്ങുന്നു
രജനീ,നിന്നെവരവേൽക്കാൻ ചീവീടുകൾ കാത്തിരിക്കുന്നു
നിലാവ് ചെയ്യും നിശീഥിനിയിൽ
നിശാഗന്ധി പൂത്തുലയുന്നു
ആ നിമിഷം നിന്നെ കാണാൻ എന്തൊരു ചന്തം
സാഗര നീലിമ പൂക്കും നീ വരും നേരം
തുള്ളിക്കളിക്കും നക്ഷത്രക്കൂട്ടവും നീല രാവും എന്നെ മോഹിപ്പിക്കുന്നു
മാനത്തെ തിങ്കൾ നിന്നിൽ അലിയുന്ന നേരം
നിശബ്ദമായ നിന്നെ ചുംബിക്കാൻ ഒരു മോഹം

–അനന്യ സാവി





ലേഖനം

# താളം തെറ്റുന്ന ജീവിതങ്ങൾ

വർത്തമാനജീവിതത്തിൽ കുട്ടികളിൽ ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ലഹരി വസ്തുക്കളുടെ ഉപയോഗം. അതിന്നെതിരെ സർക്കാർ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുന്ന സമയമാണിപ്പോൾ.

ഒരു രാജ്യത്തിൻറെ ഭാവി വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് മയക്കുമരുന്നിനും അതുപോലുള്ള മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്ന സ്ഥിതിവിശേഷമാണ് നമ്മൾ വാർത്ത മാധ്യമങ്ങളിലൂടെ അറിഞ്ഞുകൊണ്ടിരിക്കുന്നത്. ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന വ്യക്തികളുടെ കുടുംബത്തിൻറെ സ്വസ്ഥത നഷ്ടപ്പെടുന്നു. സാമ്പത്തിക നഷ്ടം സംഭവിക്കുന്നു. കുട്ടികളിലുള്ള ലഹരി ശീലം അവരിൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് വിദ്യാഭ്യാസത്തെയാണ്. കൂടാതെ അവരുടെ ഭാവി അവതാളത്തിൽ ആവുകയും ചെയ്യുന്നു.
അവർ വീട്ടിലും നാട്ടിലും മോശം വ്യക്തിത്വത്തിന് കാരണമാകുന്നു.
നിരന്തരം ലഹരി ഉപയോഗിക്കുന്നവർക്ക് ഭാവിയിൽ മാരകമായ പല രോഗങ്ങളും പിടിപെടുന്നു.
അത് അവരുടെ ജീവന് തന്നെ ഭീഷണിയാകുന്നു.
അവർ കുടുംബത്തിലും സമൂഹത്തിലും ഒറ്റപ്പെട്ടുപോകുന്നു.

"മനുഷ്യ വംശത്തിന് പതിച്ച ഏറ്റവും വലിയ ദുരന്തം" എന്നാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി ലഹരിവസ്തുക്കളെ വിശേഷിപ്പിച്ചത്.

മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും, വിൽക്കുന്നതും, മറ്റുള്ളവരെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതും കുറ്റകരമാണെന്ന് നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ഇത്തരം ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നമുക്കൊരുമിച്ച് പ്രയത്നിക്കുകയും പ്രതിഷേധിക്കുകയും ചെയ്യാം.

ആര്യ.പി.വി
VIII – i
ജി.എച്ച്.എസ്.എസ്
ചായോത്ത്



# Abu- Dhabi frist traditional hindu temple



# മാളുവിന്റെ ലോകം.

മാളു രാവിലെ എഴുന്നേറ്റു. കണ്ണു തിരുമ്മിക്കൊണ്ട് ജനലിലൂടെ പുറത്തേക്ക് നോക്കി. അതാ പൂന്തോട്ടത്തിൽ റോസാപ്പൂവിന്റെയും ചെമ്പരത്തിയുടെയും പൂമൊട്ട് "ഇങ്ങോട്ട് നോക്കു മാളു" എന്ന വിധത്തിൽ തലയാട്ടുന്നു. മാളു നട്ടു നനച്ചു ഉണ്ടാക്കിയ റോസയുടെയും ചെമ്പരത്തിയുടെയും ആദ്യ മൊട്ടുകളാണ് അന്ന് അവൾ കണ്ടത്. സന്തോഷം കൊണ്ട് അവൾ തുള്ളിച്ചാടി. മൊട്ട് വിരിയുന്നത് വരെ മാളുവിന്റെ ഒരു കണ്ണ് അവരെ തന്നെ നോക്കിയിരിക്കുകയായിരുന്നു. രണ്ടു മൊട്ടുകളും കൊച്ചു കുട്ടികളെ പോലെ കാറ്റത്ത് ആടിയുലഞ്ഞു കളിച്ചു. മറ്റൊരു ദിവസം അതിരാവിലെ മാളു എഴുന്നേറ്റ് നോക്കിയപ്പോൾ റോസാപ്പൂവും ചെമ്പരത്തിയും ഒരുപോലെ വിരിഞ്ഞ് മാളുവിനെ നോക്കി ഒരു കുഞ്ഞു ചിരി ചിരിച്ചു. മാളു സന്തോഷം കൊണ്ട് തുള്ളിച്ചാടി. കുറച്ചുദിവസത്തിനുശേഷം അവർ മണ്ണിനെ ചുംബിച്ചു കിടന്നു. അപ്പോൾ മാളുവിന് സങ്കടമായി. പിന്നീടുള്ള ദിവസങ്ങളിൽ മറ്റു പുതിയ ഇതളുകളിൽനിന്ന് പുതിയ പുതിയ റോസാപ്പൂക്കളും ചെമ്പരത്തികളും മാളുവിന്റെ പൂന്തോട്ടത്തിൽ വിരിഞ്ഞു കൊണ്ടേയിരുന്നു," മാളുവിന്റെ പ്രതീക്ഷകൾ പോലെ".

ദേവ്ന എസ് പ്രകാശ്
V-D
GHSS Chayoth
Nileshwar, Kasargod



# അധ്വാനത്തിന് സമാനം

രഘു എന്ന കഠിനാധ്വാനിയായ കർഷകൻ ജീവിച്ചിരുന്നു.
ആ കാലത്ത് അവിടെ അവർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി എന്നത് വെള്ളമായിരുന്നു. വെള്ളം കിട്ടണമെങ്കിൽ അടുത്ത ഗ്രാമത്തിനപ്പുറം ഒരു ഗ്രാമം ഉണ്ടായിരുന്നു അവിടെ നിന്ന് വേണം കൊണ്ടുവരാൻ. കഷ്ടിച്ച ഒരു ദിവസം വേണമായിരുന്നു വെള്ളം എടുത്ത്   വരാൻ. ഗ്രാമ ജനങ്ങളുടെ കഷ്ടപ്പാട് കണ്ട് ഗ്രാമത്തലവൻ കർഷകരുടെ കൂട്ടായ്മ സംഘടിപ്പിച്ചു, അതിൽ രഘുവും ഉണ്ടായിരുന്നു. അവരോട് തലവൻ ഒരു കിണർ കുഴിക്കണമെന്ന് നിർദ്ദേശിച്ചു. ഇത് കേട്ടപ്പോൾ എല്ലാ കർഷകരും തമ്മിൽ തമ്മിൽ നോക്കാൻ തുടങ്ങി  എന്നിട്ട് തലവനോട് പറഞ്ഞു 'ഈ വരണ്ട ഭൂമിയിൽ എവിടെ വെള്ളം ലഭിക്കാൻ ആണ്''.
പക്ഷേ ആത്മവിശ്വാസത്തോടെ രഘു മാത്രം പറഞ്ഞു 'എത്ര വരണ്ട ഭൂമി ആയാലും അടിത്തട്ടിൽ വെള്ളമില്ലാതിരിക്കില്ല'. ഗ്രാമത്തലവൻ ഇതുകേട്ടപ്പോൾ സന്തോഷത്തി ലായി എന്നിട്ട് എല്ലാ കർഷകരെയും രഘുവിനോടൊപ്പം കിണർ കുഴിക്കാനായി വിട്ടു. നല്ലൊരു പച്ചപ്പുള്ള സ്ഥലം നോക്കി കുഴിക്കാൻ തുടങ്ങി, മാസങ്ങൾ കടന്നുപോയി എന്നിട്ടും ഒരു തുള്ളി വെള്ളം പോലും കണ്ടുകിട്ടിയില്ല. ഇതറിഞ്ഞ ഗ്രാമവാൻ കർഷകരെ പിരിച്ചുവിട്ടു. പക്ഷേ രഘു മാത്രം ഒഴിഞ്ഞില്ല,എന്നിട്ട് തലവനോട് പറഞ്ഞു 'ഞാൻ ഇത്രയും കഷ്ടപ്പെട്ടതല്ലേ ഈ കഷ്ടപ്പാട് വെറുതെ ആക്കാൻ എനിക്ക് ആഗ്രഹമില്ല, കഴിയുന്നത്ര കുഴിക്കും വെള്ളം കിട്ടുമെങ്കിൽ കിട്ടട്ടെ'. കുറേ മാസങ്ങൾ കടന്നുപോയി ഗ്രാമത്തലവൻ പിന്നാ ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയതേയില്ല. അവിടെയുള്ള ജനങ്ങളുടെയും തലവന്റെയും പരിഹാസം കൊണ്ട് ഇരിക്കുകയായിരുന്നു രഘു .അങ്ങനെ ഒരു ദിവസം വീട്ടിലിരിക്കുകയായിരുന്ന രഘുവിന് നേർക്ക് ആരോ ഓടി വരുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടു.
എന്താ കാര്യം എന്ന് തിരക്കിയപ്പോൾ അയാൾ പറഞ്ഞു വേഗം തന്റെ കൂടെ പോകാൻ. രഘുവിനെ കിണറിന്റെ അടുക്കലേക്ക് കൊണ്ടുപോയി. കിണറിന്റെ അടുത്തുള്ള ആൾക്കൂട്ടം കൊണ്ട് ആകാംക്ഷയോടെ രവി നടന്നു മനസ്സ് തുളുമ്പുകയായിരുന്നു എന്താ സംഭവം എന്ന് അറിയാൻ. കിണർ നോക്കിയപ്പോഴേക്കും നല്ല ശുദ്ധജലം കൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു കിണർ. രഘുവിന്റെ മുഖത്ത് ആനന്ദം  നൃത്തമാടി. കഠിനാധ്വാനത്തിന് സമാനമായി  ഒരു സമ്മാനം അവനു കിട്ടി, കിട്ടിയത് നീരുറവ. വെള്ളമില്ലാത്ത ഗ്രാമത്തിൽ വെള്ളത്തിന്റെ ഒരു കിണർ തന്നെ സമ്മാനിച്ചു ആരൊക്കെ അന്ന് രഘുവിനെ പരിഹസിച്ച അവരൊക്കെ ഇപ്പോൾ രഘുവിനെ ആദരവോടെ സൽക്കരിക്കുകയാണ് അതിലും ഉപരിയായി തലവൻ തന്നെ സ്ഥാനം രഘുവാനായി ഒഴിഞ്ഞു കൊടുത്തു. രഘു ആഗ്രഹിച്ചത് ആ ഗ്രാമത്തിലേക്ക്  കൃഷിക്കും മറ്റു ആവശ്യങ്ങൾക്കായി  കുറച്ചു വെള്ളം മാത്രമായിരുന്നു അവൻ ആഗ്രഹിച്ചത് പക്ഷേ 10 തലമുറക്കായുള്ള വെള്ളം അവന് ലഭിച്ചിരുന്നു. രഘുവിന്റെ  കഠിനാധ്വാനമായിരുന്നു അവനെ ഈ സ്ഥാനത്ത് എത്തിച്ചത്.

ഈ കഥയിൽ നമ്മൾക്ക് പഠിക്കാൻ കഴിയുന്ന ഏറ്റവും വലിയ പാഠം എന്നത് "കഠിനാധ്വാനത്തിലൂടെ നമ്മൾക്ക് നേടാൻ കഴിയാത്തതായി ഒന്നുമില്ല".

## മില്ലറ്റുകൾ
## സൂപ്പർ ഫുഡ്

ഐക്യരാഷ്ട്ര സഭ  2023 അന്താരാഷ്ട്ര മില്ലറ്റ് വർഷമായി ആചരിച്ചിരുന്നു.എന്താണ് ചെറുധാന്യങ്ങൾ അഥവാ മില്ലറ്റുകൾ ? പുല്ല് വർഗത്തിൽപ്പെട്ട ധാന്യവിളകളാണ് മില്ലറ്റുകൾ.ഐക്യരാഷ്ട്ര സഭയുടെ ഘടകമായ FAO മില്ലറ്റുകളെ വിശേഷിപ്പിക്കുന്നത് ഭാവിയുടെ ഭക്ഷണമെന്നാണ്. തിന,ബജ്റ(കമ്പം),ചോളം,മുത്താറി, ചാമ,വരക്,കവടപ്പുല്ല് ,കൊറേലി തുടങ്ങിയവ പ്രധാനപ്പെട്ട ചെറുധാന്യങ്ങളാണ്.പുരാതന കാലത്ത് പക്ഷികൾക്കും മൃഗങ്ങൾക്കുമുള്ള ഭക്ഷണമായി ഉപയോഗിച്ചിരുന്ന തിനകൾ ഇന്ന് സൂപ്പർ ഫുഡ് എന്ന നിലവാരത്തിലേക്കുയർന്നിരിക്കുകയാണ്.ചെറുധാന്യങ്ങളുടെ പോഷകമൂല്യം മനസിലാക്കുകയും അവ നിത്യജീവിതത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നത് വഴി പോഷക സമൃദ്ധിയും ഭക്ഷ്യസുരക്ഷയും ഉറപ്പ് വരുത്താൻ സാധിക്കും. ഗുണമേന്മയില്ലാതെ നമ്മൾ പടിക്ക് പുറത്ത് നിർത്തിയിരുന്ന പാവപ്പെട്ടവൻ്റെ ഭക്ഷണമായിരുന്ന ചെറുധാന്യങ്ങൾ ഇന്ന് ലോകം തന്നെ കീഴടക്കുകയാണ്.

കാഴ്ചയിൽ ചെറുതാണെങ്കിലും പോഷകമൂല്യത്തിൽ വലിയവരാണിവർ.അരി, ഗോതമ്പ് എന്നിവയെ അപേക്ഷിച്ച് ഉയർന്ന തോതിൽ പ്രോട്ടീൻ, മിനറലുകൾ,വിറ്റാമിനുകൾ എന്നിവ അടങ്ങിയിരിക്കുകയും കലോറിക മൂല്യം കുറവായിരിക്കുകയും ചെയ്യുന്നതിനാൽ ആഹാര പദാർത്ഥങ്ങളിലെ വിശിഷ്ട ഭോജ്യങ്ങളാണ് തിനകൾ.ഉപാപചയ പ്രവർത്തനങ്ങളെ മികച്ച രീതിയിൽ സഹായിക്കുന്ന നാരുകളാൽ സമ്പന്നമാണ് മില്ലറ്റുകൾ. ധാന്യങ്ങളിൽ കാർബോഹൈഡ്രേറ്റും ഊർജവും കൂടുതലാണ്.എന്നാൽ ഇത്തരം ചെറുധാന്യങ്ങളിൽ ഇവയുടെ അളവ് താരതമ്യേന കുറവായതിനാൽ മനുഷ്യൻ്റെ ആരോഗ്യ സുരക്ഷയ്ക്ക് ഇവയെല്ലാം ഉത്തമമാണെന്ന് വൈദ്യശാസ്ത്രം ആണയിടുന്നു. അധികം പരിപാലനം ആവശ്യമില്ലാതെ ഏത് മണ്ണിൽ വളരുവാനും കാലാവസ്ഥയെ അതിജീവിക്കുവാനും സാധിക്കുന്നതിനാൽ കൃഷി ചെയ്യാൻ എളുപ്പമാണ്.

ചെറുധാന്യങ്ങളെ പ്രധാനമായും 3 ആയി തരംതിരിക്കാം.പ്രമുഖ ചെറുധാന്യങ്ങൾ, ചെറിയ ചെറുധാന്യങ്ങൾ, കപട ചെറുധാന്യങ്ങൾ.

റാഗി( മുത്താറി): "പാവപ്പെട്ടവൻ്റെ പാൽ" എന്നറിയപ്പെടുന്ന റാഗി കാത്സ്യത്തിന്റെ മുഖ്യ ഉറവിടമാണ്. ജീവകം,മാംസ്യം, നാരുകൾ എന്നിവ ധാരാളമുള്ളതിനാൽ എല്ലുകളുടെ വളർച്ചയ്ക്കും ,വിളർച്ച തടയാനും, പ്രമേഹബാധിതർക്കും ഉത്തമമാണ്.

തിന: ലോകത്തിലെ ഏറ്റവും പുരാതന വിള എന്നറിയപ്പെടുന്ന തിന ധാതുക്കളുടെയും വിറ്റാമിനുകളുടെയും കലവറയാണ്. സസ്യമായും വഴിയോരങ്ങളിലും വളരുന്ന തിന വളരെ നല്ല ഭക്ഷണമാണ്. ശരീര ഊഷ്മാവ് വർദ്ധിപ്പിക്കുന്നതിനും പനി മാറാനും ആഹാരവും മരുന്നുമായി പഴമക്കാർ ഉപയോഗിച്ചിരുന്നു.

നിരവധി ഗുണങ്ങളുള്ള സൂപ്പർ ഫുഡായ ചെറുധാന്യങ്ങളെ ഫലപ്രദമായി ജനങ്ങൾക്ക് പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിലൂടെ ആരോഗ്യകരമായ ഒരു സമൂഹത്തെ നമുക്ക് സൃഷ്ടിക്കാം.

ഇന്ത്യയുടെ "മില്ലറ്റ് മാൻ"എന്നറിയപ്പെടുന്ന ഡോ.ഖാദർ വാലി മില്ലറ്റുകളുടെ പ്രചാരണം ജീവിത ദൗത്യമായി സ്വീകരിച്ച വ്യക്തിയാണ്. "ജീവിത ശൈലിരോഗങ്ങൾക്ക് ഒറ്റ പ്രതിവിധിയേ ഉള്ളൂ, മില്ലറ്റുകൾ ഭക്ഷണ ശീലമാക്കുക." ഇതാണ് ഡോ.ഖാദർ വാലിയുടെ സന്ദേശം.

# തീരാത്ത ദുരിതങ്ങൾ

– –– – – – – – – – – – –– – – –

യുദ്ധത്തിൽ ആദ്യം തകർക്കപ്പെടുന്നത്
സത്യമാണ് എന്നിരിക്കെ......
ദുരിതങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട്
ശിക്ഷാഭീതിയില്ലാതെ...
തെരുവുകളിൽ ചോരച്ചാലുകൾ
തീർത്ത ഈ പകയുടെ തുടക്കമെവിടെയാണ്?
എന്താണ്?നൂറ്റാണ്ടിലേറെയായി പുകയുന്ന
പ്രശ്നത്തിന്റെ പരിഹാരമെന്താണ്!
പിഞ്ചുകുഞ്ഞുങ്ങളെ ജീവൻ എടുത്ത്
കിട്ടുന്ന നേട്ടം എന്താണ്?
സമാധാനമെന്ന വാക്കുപോലും
അപ്രസക്തമാകുന്ന ആക്രമണങ്ങൾ
ഓരോ നിമിഷവും ഉയരുന്ന
മരണക്കണക്കുകൾ, പരുക്കേറ്റ് കരയുന്നവർ
തകർന്നു വീഴുന്ന സ്വപ്നങ്ങൾ
ഇസ്രായേൽ – പലസ്തീൻ
സംഘർഷത്തിനു മുന്നിൽ
ലോകത്തിന്റെ കണ്ണീരിന് ഇപ്പോൾ
ചോരയുടെ നിറമാണ്..........

# നീലേശ്വരത്തിൻ്റെ പുരാവൃത്തം

ഇത് ഞാൻ ഏറെ സ്നേഹിക്കുകയും ഇവിടെ ജീവിക്കാൻ സാധിക്കുന്നത് മഹാഭാഗ്യമായി കരുതിയും ചെയ്യുന്ന എൻറെ ഗ്രാമത്തിന്റെ ഇന്നലകളെ അറിയാനുള്ള ശ്രമമാണ്.ചരിത്രത്തിൽ ഏറെയൊന്നും പരാമർശിക്കപ്പെടാത്ത നാടാണ് ഞങ്ങളുടേത്.ഒട്ടനവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച നാടായിട്ടും കേരള ചരിത്രത്തിൽ നീലേശ്വരത്തിന് അതിന്റേതായ പ്രാധാന്യം നൽകിയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രസിദ്ധാവും സാംസ്കാരിക സമ്പന്നവുമായ പ്രദേശമാണ് നീലേശ്വരം.ഭാഷയുടെയും സാംസ്കാരങ്ങളുടെയുംസംഗമഭൂമിയായ നീലേശ്വരത്ത് മിഴിവാർന്ന ഒരു ചരിത്രം തനതായുണ്ട്.ഏറെ മഹത്തരം എന്നോ വിശേഷിപ്പിക്കാവുന്ന നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച നാടാണ് നമ്മുടേത്.വീരഗാഥകൾ ഇവിടെയും ഒട്ടും കുറവല്ല.കോലത്തിരിപ്പടയിലെ വീരനായകൻ ആയിരുന്ന വെള്ളുവ് വീട്ടിൽ കുമാരൻ നമ്പ്യാർ എന്ന സാഹസികനായ വീരയോദ്ധാവിന്റെ കഥ യുവതലമുറയ്ക്ക് അജ്ഞാതമാണ്.ലോകത്തിലെ പ്രാചീന സംസ്കാരഭാഷയായ തുളുവിന് ജന്മം നൽകിയ പഴയതുളു നാടിൻ്റെ  ഭാഗമാണ് നീലേശ്വരം.പ്രാചീനമായ ഒരു ഭാഷയുടെ ജന്മത്തിന് സാക്ഷിയാവുകയെന്നാൽ അമൂല്യമായ ഒരു സംസ്കാരത്തിന് സാക്ഷ്യം വഹിക്കാൻ നീലേശ്വരത്തിന് ഭാഗ്യമുണ്ടായി എന്നാണർത്ഥം. തുടർന്ന് കാല പ്രവാഹത്തിൽ വിവിധ ഭാഷകളെയും മതങ്ങളെയും ഏറ്റുവാങ്ങി അവയെല്ലാം സ്നേഹിച്ചും പരിപോഷിപ്പിച്ചും സമന്വയിപ്പിച്ചും കാലത്തിനും ചരിത്രത്തിന് സാക്ഷിയായ മണ്ണ് –അതാണ് നീലേശ്വരം.

നീല മഹർഷി തപസ്സിരുന്ന സ്ഥലമായിരുന്നതിനാൽ നിലേശ്വരം എന്ന്  വന്നു എന്നൊരു ഐതിഹ്യമുണ്ട്. ഈ പ്രദേശത്തെ പ്രസിദ്ധമായ ക്ഷേത്രത്തിലെ പ്രതിഷ്ഠയായ നീലകണ്ഠേശ്വരനിൽ നിന്ന് നീല കണ്ഠേശ്വരം എന്ന സ്ഥലനാമം ഉരുത്തിരിഞ്ഞ് നീലേശ്വരം ആയി രൂപപ്പെട്ടതാണെന്നും പറയപ്പെടുന്നു.

നീലേശ്വരത്തിൻ്റെ സാംസ്കാരിക ചരിത്രം ക്രിസ്തബ്ദം എട്ടാം നൂറ്റാണ്ടോടുകൂടിയേ വ്യക്തമാകുന്നുള്ളൂ.ഈ കാലയളവിൽ നീലേശ്വരവും പരിസരപ്രദേശങ്ങളും രണ്ടാം ചേരസാമ്രാജ്യത്തിൻ്റെ ഭാഗമായിരുന്നു. നീലേശ്വരം രാജവംശത്തിന്റെ സാംസ്കാരിക പൈതൃകവുമായി ഇഴ ചേർന്നു നിൽക്കുന്നു.കോലത്തിരി രാജവംശത്തിന്റെയും സാമൂതിരി വംശത്തിന്റെയും സങ്കലനയാണ് നീലേശ്വരം രാജവംശം.

നാലു നൂറ്റാണ്ടുകൾക്കു മുമ്പ് കോലത്തിൽ തമ്പുരാൻറെ അടുത്ത രണ്ട് സ്ഥാനികളിൽ മൂത്തയാളായ വടക്കിളംകൂർ ഉണ്ണിത്തിരി തമ്പുരാന്റെ പത്നിയും കോഴിക്കോട്ട് സാമൂതിരി

വംശത്തിലെ രാജകുടുംബാംഗവുമായിരുന്ന ഒരു തമ്പുരാട്ടിയാണ് നീലേശ്വരം രാജകുടുംബമായ അള്ളെടം സ്വരൂപത്തിന്റെ സ്ഥാപക.കോലത്തിരി തമ്പുരാൻ,അനന്തരാവകാശികളായി വടക്കി ളംകൂർ,തെക്കിളംകൂർ എന്നീ രണ്ട് ഇളമുറത്തമ്പുരാൻ മാരെ വിധിപ്രകാരം പ്രഖ്യാപിച്ചിരുന്നു.മൂപ്പു കൂടുതലുള്ള ഒന്നാം ഇളമുറത്തമ്പുരാനെ എളയെടത്തിരി എന്നും രണ്ടാം ഇളംകൂറിനെ പോർളാതിരിയെന്നും പേരിട്ടിരുന്നു. എളയെടത്തിരി സ്ഥാപിച്ച നീലേശ്വരം രാജകുടുംബത്തിന് 'എളയെട സ്വരൂപം' അഥവാ അള്ളെട സ്വരൂപം എന്നും പോർളാതിരി സ്ഥാപിച്ച കടത്തുനാട്ടു സരൂപത്തിന് പോർളി തിരി സ്വരൂപം എന്നും പേരുറച്ചു.കോല സ്വരൂപവും അള്ളെട നീലേശ്വരം സ്വരൂപവും തമ്മിലുള്ള ബന്ധം ഇന്നും നിലനിൽക്കുന്നു.

മഹിതമായൊരു പാരമ്പര്യവും സംസ്കാരവും ഉള്ള പ്രദേശമായിരുന്നിട്ടും കാര്യങ്ങൾ വ്യക്തമാക്കുന്ന തരത്തിൽ പാഠപുസ്തകങ്ങളിൽപ്പോലും നീലേശ്വരം രാജവംശത്തെക്കുറിച്ച് ശരിയായ വിവരണം ഉൾപ്പെടുത്തിക്കാണുന്നില്ല.ഇതൊക്കെ ഈ നാടിൻറെ ചരിത്രം വിസ്തൃതിയിലേക്ക് തള്ളപ്പെടാൻ ഇടയാക്കി.നീലേശ്വരം രാജവംശത്തിലെ തമ്പുരാക്കൻമാരെ ടിപ്പുവിന്റെ കാലത്തും അതിനുമുമ്പും തൂക്കിലേറ്റിയതായും ചരിത്രമുണ്ട്.

നീലേശ്വരത്തിന് സ്വാതന്ത്ര്യ സമര ചരിത്രത്തിലും തുടർന്നുള്ള രാഷ്ട്രീയ ചരിത്രത്തിലും സുപ്രധാനമായ സ്ഥാനം കാണാം.കേരള പിറവിക്ക് ശേഷമുള്ള ചരിത്രത്തിലെ നീലേശ്വരത്തിന് വെട്ടി തിളങ്ങുന്ന ഒരു ചരിത്രം കാണാം.കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിൻറെ അമരക്കാരനായിരുന്ന കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ശ്രീ ഇ .എം .എസ് നമ്പൂതിരിപ്പാട് മത്സരിച്ച് വിജയിച്ചത് നീലേശ്വരം നിയമസഭ മണ്ഡലത്തിൽ നിന്നായിരുന്നു.അക്കാലത്ത് അദ്ദേഹം കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമം സാമൂഹ്യതലത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ സഹായിച്ചു എന്നത് ചരിത്രമാണ്.

അള്ളട സ്വരൂപത്തിലെ നീലേശ്വരം രാജവംശത്തിന്റെ അധീനതയായിരുന്ന ഈ പ്രദേശം ഒട്ടനവധി ജൈവവൈവിധ്യങ്ങൾ നിറഞ്ഞുനിക്കുന്നതാണ്.കടലോരവും, പുഴയോരങ്ങളും,ചതിപ്പുകളും , കാവുകളും കൊണ്ട് സമ്പന്നമാണ് നീലേശ്വരം.

ഇത്രയധികം ചരിത്രവും ജൈവവൈവിധ്യവും ഉൾക്കൊള്ളുന്ന നീലേശ്വരത്തിന് ഇതിനപ്പുറം എന്ത് എന്ത് വിശേഷണം നൽകാൻ.

Niharika.r.nath

# പ്രാണവേദന

ഉണരുവിൻ ലോകമേ
ഉണരുവിൻ ഭരണമേ
ഉണരുവിൻ നന്മ പ്രതീകങ്ങളേ ...
കാണുവിൻ സോദരെ
കാണുവിൻ കൂട്ടരേ
കാണുവിൻ നാടിന്നഭിമാനമേ....
ലഹരി പ്രയോഗമോ , പ്രതികാരമോ ?
പറയൂ ജനങ്ങളെ , പറയൂ മനുഷ്യരെ !
ഭാരത നാടിൻ തല താഴ്കില്ലേ?
ഈ നല്ല നാടിൻ പെൺകിടാങ്ങൾക്കായ്
കൈകോർക്കുവിൻ പ്രിയ കൂട്ടുകാരേ...
അസുരവിത്തായ് മുളച്ചുയരരുതേ
നാടിന്നഭിമാനമായ് മാറുവിൻ
പെൺമേനി തൊട്ടു കളിക്കരുതേ!
സ്വാതന്ത്ര്യമൊരുപോലെ ഉള്ളതല്ലേ?
വിഷം ചീറ്റിയിഴയുന്ന നാഗമോ നിങ്ങൾ
ഞെരുകി മുറുക്കി വിഷം കയറ്റാൻ ?
ചുമരുകൾക്കിടയിൽ ഒതുങ്ങേണ്ടവരല്ല
തലയുയർത്തിപ്പിടിക്കേണ്ടവരാ .
എന്തിനീ ക്രൂരത, എന്തിനീ യപമാനം
എന്തിനീ നീച പ്രവർത്തികളും
അനുവദിക്കു ലോക മനുവദിക്കു
പെൺകരുത്തിനായൊന്നു പ്രതികരിക്കു....

Rithika Rajesh 8I

# താഴ്‌വാര വിശേഷം

നീലിക്കാട്ടിനരികിലെ മലനിരകൾക്കിടയിലൂടെ പ്രഭാതം ഇരുൾതൊപ്പി പൊക്കി എത്തി നോക്കി. അഗ്നിഗോളമായ് ജ്വലിച്ച് നിന്ന് പ്രപഞ്ചം മുഴുവൻ പ്രകാശമേകുന്ന പൊൻ സൂര്യൻ എത്തി. ഹേമന്തത്തിൻ്റെ ആനന്ദകണ്ണീർ കണങ്ങളായ മഞ്ഞുതുള്ളികൾ കാടിനെയാകെ കെട്ടിപുണർന്നിരുന്നു . സൂര്യകിരണങ്ങൾ അതിൽ തഴുക്കിത്തലോടി. ശീതള ജലധാരകൾ വെള്ളിക്കൊലുസിൻ മണിക്കിലുക്കം പോലെ ഇറ്റുവീണു. വർണശഭ ളമായ് കാട് മുഴുവൻ അലങ്കാരമായ് നിക്കുന്ന കാട്ടുതേനിൻ്റെ മാധുര്യം തുളുമ്പുന്ന കാട്ടുപൂക്കളിൽ നേരങ്ങളോളം ഓരോ തുള്ളികളും പറ്റിനിന്നു. സുപ്രഭാതം നേരാനായി വടക്കു-കിഴക്കൻ പർവ്വതനിരകളി നിന്നും മൂളിപ്പാട്ടുമായ് കിങ്ങിണിക്കാറ്റെത്തി. പ്രകൃതി രമണീയമായ മറ്റൊരു ഐശ്വര്യം നിറഞ്ഞ പുത്തൻ പുലരി കൂടി എത്തിയ വിവരം കിളികൾ ഈണത്തിൽ പാടിയറിയിച്ചു , പൂവൻ കോഴികൾ ഉച്ചത്തിൽ കൂകിപ്പറഞ്ഞു.

കുടിലുകളിൽ നിന്നും വെളിച്ചം പ്രകാശിച്ചു തുടങ്ങി. പലരും ഒരു നേരിയ ശബ്ദത്തിലുള്ള ഭക്തി ഗാനങ്ങളോടുകൂടി  പുതുദിനത്തിന് നാന്ദി കുറിച്ചു. നേരം വെളുത്തു കഴിഞ്ഞാൽ മുത്താരം കുന്നിൽ നിന്നും ഉത്ഭവിക്കുന്ന നീലാംബരിയാറ്റിൽ വള്ളംകളിയാണ്. പട്ടണത്തിൽ ജോലിക്കു പോകുന്നവർ, സാധനങ്ങൾ വാങ്ങാൻ ചന്തയിൽ പോകുന്നവർ, പട്ടണത്തിൽ കച്ചവടത്തിനായ് ചരക്കുമായ് പോകുന്നവർ....  അങ്ങനങ്ങനെ! നീലാംബരി താഴ്വരയിലെ ഈ സുപ്രഭാതക്കാഴ്ചകൾ എന്നും ഒരു മനം കുളിർപ്പിക്കുന്ന ഒന്നാണ് . പട്ടണത്തിലേക്ക് ഇവിടെ നിന്നും പത്ത് പതിനഞ്ച് കി.മീ ദൂതമുണ്ട് മലകളും അരുവികളും താണ്ടി വേണം എത്താൻ. ആകെ രണ്ട് ബസുകൾ മാത്രം !

ഇത് ബുദ്ധിമുട്ടായതുകൊണ്ട് ആറ്റിൻ വക്കത്തെ താമസക്കാരാണ് വഞ്ചിയിൽ പട്ടണത്തിലേക്കുള്ള യാത്രയ്ക്ക് തുടക്കമിട്ടത്  ..അങ്ങനെ തിരുമംഗലം പട്ടണത്തെയും നീലാംബരി താഴ്വരയെയും കൂട്ടിച്ചേർക്കുന്ന ഒരു വെള്ളിച്ചരടായി നീലാംബരിയാറ് തിളങ്ങി.

നേരം ഇരുട്ടുമ്പോൾ കുടിലുകളിലെ പ്രകാശം നീലാംബരിയാറിൽ ചേർന്നുനിൽക്കുന്നതായി തോന്നും, ഒൻപത് മണി കഴിഞ്ഞാൽ ഓരോന്നായ് അതിലലിഞ്ഞി ലാതാവും. നിശ്ശബ്ദമായ ആ താഴ്വരയെ നീലാംബരിയാറ് കളകളം പാടിയുറക്കും. അവിടത്തുകാർക്ക് അത് അമ്മ മനസിൻ്റെ മാധുര്യമേറ്റ താരാട്ട് തന്നെയാണ്.

.... മാസവും ദിവസവും കടന്നുപോയി , ഹേമന്തം വിട പറയാറായ് ; ഇതു കഴിഞ്ഞാൽ പിന്നെ പറയണ്ട. മാവും പ്ലാവും പൂക്കും .മേടമാകുമ്പോഴേക്കും തലയുയർത്തിപ്പിടിച്ച് വാനോളം മുട്ടിനിൽക്കുന്ന കൊന്ന മരം സ്വർണ്ണപ്പതക്കങ്ങളാകുന്ന കൊന്നപ്പൂക്കൾ ചൂടി വിഷുവിനെ വരവേൽക്കാനായി തയ്യാറായി  നിൽക്കും, വെള്ളിനൂലിൽ കോർത്ത സ്വർണത്താലി ചാർത്തി നീലാംബരി താഴ്‌വരയെ സ്വന്തമാക്കും . ഈ താഴ്വാര സ്വയംവരം അവിടത്തുകാർക്ക് ഒരാഘോഷം തന്നെയാണ് .....!

## विषय: पुलवामा हमले पर विवेचनात्मक लेख

प्रस्तावना:

पुलवामा हमला भारतीय इतिहास में एक अध्ययनीय और दुखद घटना है। यह घटना न केवल भारत के लिए बल्कि पूरे विश्व के लिए एक संकेत है कि आतंकवाद की भयानकता और उसके सामने खड़े होने की आवश्यकता कितनी महत्वपूर्ण है। इस विवेचनात्मक लेख में, हम पुलवामा हमले की पृष्ठभूमि, कारण, परिणाम और उसके बारे में विस्तृत चर्चा करेंगे।

पुलवामा हमले की पृष्ठभूमि:

पुलवामा हमला 14 फरवरी 2019 को भारत के जम्मू- कश्मीर राज्य के पुलवामा जिले में हुआ था। इस हमले में जैश- ए- मोहम्मद नामक आतंकी संगठन ने भारतीय सुरक्षा बलों के एक कोन्वॉय को हमला किया। इस हमले में 40 से अधिक जवान अपनी जान गंवा दी गई थी।

कारण:

पुलवामा हमले के पीछे कई कारण थे। सबसे मुख्य कारण था आतंकी संगठनों का भारत के खिलाफ अपने आतंकी गतिविधियों को बढ़ाना। इसके अलावा, पाकिस्तान के उत्तराधिकारी संगठनों का समर्थन और आतंकियों को उनके खिलाफ कार्रवाई की अभावना भी इस हमले के पीछे था।

परिणाम:

पुलवामा हमला भारत और पाकिस्तान के बीच तनाव को और भी तेज कर दिया। भारत ने पाकिस्तान के प्रति कड़ी कार्रवाई की और आतंकी संगठनों के खिलाफ अभियानों को बढ़ाया।

निष्कर्ष:

पुलवामा हमला एक चेतावनी है कि आतंकवाद को खत्म करने के लिए समय आ चुका है। हमें इस भयानक समस्या का सामना करने के लिए साथ मिलकर काम करना होगा। इसके अलावा, राष्ट्रीय सुरक्षा बलों को और अधिक सजग और ताकतवर बनाने की आवश्यकता है।

समापन:

इस विवेचनात्मक लेख के माध्यम से, हमने पुलवामा हमले के महत्वपूर्ण पहलुओं पर चर्चा की। यह घटना हमें याद दिलाती है कि हमें आतंकवाद के खिलाफ मिलकर लड़ना होगा और हमें सुरक्षित रहने के लिए सजग रहना होगा।

# विषय: शिक्षक – समाज का शिक्षा दाता

प्रस्तावना:

शिक्षक एक समाज के लिए महत्वपूर्ण और गरिमामय पद होता है। उन्हें न केवल शिक्षा के द्वारा ज्ञान का दान करना पड़ता है, बल्कि वे छात्रों को सही मार्ग पर ले जाने का कार्य भी करते हैं। इस असाइनमेंट में, हम शिक्षक के महत्व, उनके द्वारा खेले गए भूमिका, और उनके प्रति हमारी आभारी भावना पर विचार करेंगे।

शिक्षक का महत्व:

शिक्षक समाज में एक आदर्श और प्रेरणास्त्रोत होते हैं। उनका कार्य छात्रों को न केवल विज्ञान, गणित, और सामाजिक विज्ञान की शिक्षा देना ही नहीं होता, बल्कि उनके मार्गदर्शन में ही वे नेतृत्व, नैतिकता, और समाज में उत्तम नागरिक बनाने की दिशा में आगे बढ़ते हैं।

शिक्षक की भूमिका:

शिक्षक छात्रों के जीवन में महत्वपूर्ण भूमिका निभाते हैं। उनके प्रेरणास्त्रोत में छात्र नये सोच की ऊर्जा प्राप्त करते हैं और अपने लक्ष्यों की प्राप्ति के लिए प्रयास करते हैं। शिक्षक छात्रों को सिखाते हैं कि कैसे समस्याओं का सामना करें, कैसे नैतिकता का पालन करें, और कैसे एक सकारात्मक सोच विकसित करें।

हमारी आभारी भावना:

शिक्षकों के प्रति हमारी आभारी भावना होती है। उनके द्वारा हमें दिया गया ज्ञान हमारे जीवन के लिए अत्यंत मूल्यवान होता है। हम उनके प्रयासों की सराहना करते हैं जो वे हमें सही राह पर चलने में मदद करते हैं और हमें बेहतर व्यक्ति बनाने में सहायक होते हैं।

समापन:

इस असाइनमेंट के माध्यम से, हमने शिक्षक के महत्वपूर्ण भूमिका पर चर्चा की है। शिक्षक हमारे समाज के लिए अत्यंत महत्वपूर्ण होते हैं, और हमें उनके प्रति सम्मान और आभार दिखाना चाहिए। उनके प्रेरणास्त्रोत में ही हम एक उत्कृष्ट और सफल जीवन की ओर बढ़ते हैं।

# കാത്തുസൂക്ഷിക്കേണ്ട ജീവിതനന്മകൾ

ഇന്നത്തെ സമൂഹം ഒരു മോശം കാലഘട്ടത്തിലൂടെയാണ് കടന്നുവരുന്നത് ആരോടും സ്നേഹവും നന്മയും ഇല്ലാതെ ഉള്ളിൽ തിന്മ നിറച്ച് ജീവിക്കുന്ന . സ്വന്തം കാര്യം മാത്രം നോക്കി അതിൽ സുഖം കാണുന്ന ലോകം. ഓരോ നിമിഷവും പണത്തിനു പിന്നാലെയാണ് ഇന്നത്തെ സമൂഹം എന്നാൽ എന്തുകൊണ്ടും സമൂഹത്തിലെ എല്ലാവരും ഇങ്ങനെയുള്ളവരാണെന്ന് പറയുവാൻ കഴിയുകയില്ല. മറ്റുചിലർ മറ്റുള്ളവരെ ഉപദ്രവിച്ചും പണത്തിനായി കൊലചെയ്തും വൃദ്ധരായവരെ സഹായിക്കാതെയും ജീവിക്കുമ്പോൾ മറ്റു ചില നല്ല വ്യക്തികൾ മറ്റുള്ളവരെ സഹായിച്ചും പ്രകൃതിയെയും സ്നേഹിച്ചു ജീവിക്കുന്നു. ഇത്തരം മനുഷ്യരുടെ എണ്ണം കുറഞ്ഞു വരികയാണ് അനുദിനവും. വേദനിച്ചുകൊണ്ട് മറ്റുള്ളവർക്ക് ആശ്രയമാകുന്നവരുടെ എണ്ണം ഇന്നത്തെ സമൂഹത്തിൽ കുറഞ്ഞുവരുന്നു. ഇന്ന് വഴിവക്കിൽ ഒരു അപകടം സംഭവിച്ചാൽ പോലും അവരെ ഒന്ന് സഹായിക്കുന്നതിന് പകരം ഫോണിൽ അത് പകർത്തി പണം ഉണ്ടാക്കാൻ ശ്രമിക്കുകയാണ് എല്ലാവരും . ഇന്ന് ഒരുപാട് കൊലപാതകങ്ങളാൽ നിറഞ്ഞിരിക്കുകയാണ് ലോകം. അനുദിനം ഒരു പീഡനവും കൊലപാതകവും ചൂഷണവും റിപ്പോർട്ട് ചെയ്യാത്ത ദിവസങ്ങളില്ല. ഇതൊക്കെ നമ്മുടെ മനസ്സിൽ നിറഞ്ഞ തിന്മകളുടെ അളവ് വെളിവാക്കുന്നു. നാം കാത്തുസൂക്ഷിക്കേണ്ട ഒരുപാട് ജീവിതനന്മകൾ ഉണ്ട്. നാം ഒരു വ്യക്തി അപകടത്തിൽപെട്ട് കാണുമ്പോൾ ജീവിതത്തിൽ പണം സമ്പാദിക്കാനുള്ള ഓട്ടത്തിൽ അത് കാണുന്നില്ല. നാം ഒന്ന് ചിന്തിച്ചാൽ മതി ആ അപകടത്തിൽപ്പെട്ടിരിക്കുന്നത് നമ്മുടെ പ്രിയപ്പെട്ടവർ ആണെങ്കിലോ എന്ന്. നാം സ്വയം സുഖത്തിനു വേണ്ടി ജീവിക്കുന്നു ഇനിയെങ്കിലും നമ്മൾ ആകുന്ന പുതിയ തലമുറയെ നന്മനിറഞ്ഞ സമൂഹവുമായി മാറ്റാൻ പരിശ്രമിക്കാം.



# പൂവണിഞ്ഞ മോഹങ്ങൾ

അവൾ ഒരുപാട് സ്വപ്നങ്ങളും ആഗ്രഹങ്ങളും കൊണ്ടു നടക്കുന്നവളാണ്.ജീവിതത്തിന്റെ തിരിഞ്ഞു നോട്ടങ്ങളെ മധുരമേറുന്നവയാണ് ഓർമ്മകൾ.അത് നമ്മുടെ പ്രിയപ്പെട്ടവരുടെ കൂടെയാണെങ്കിലോ..?ഇത്തരി പുളിക്കും ല്ലേ..?.അവളുടെ ആഗ്രഹ സഫലീകരണങ്ങളിൽ ഒന്ന് ആണിത്.ഒരു പരീക്ഷാകാലഘട്ടത്തിലെ വൈകുന്നേരം,പരീക്ഷ കഴിഞ്ഞ് തന്റെ പ്രിയപ്പെട്ടവളുടെ കൂടെ വീട്ടിലേക്കുള്ള യാത്ര,പറഞ്ഞ് വരുമ്പോൾ അത്ര വലിയ യാത്ര ഒന്നും അല്ലെങ്കിലും അവൾക്കത് ഏറെ പ്രിയപ്പെട്ടതാണ്,അന്ന് വൈകുന്നേരം ഏകദേശം 6,7 കിലോമീറ്റർ നടന്ന് വീട്ടിൽ പോകണം എന്ന ആശ അതങ്ങു നടപ്പിലാക്കി.പുഴയരികിലൂടെ നല്ല കാറ്റത്ത് ആ വിശാലതയിൽ മുഴുകിയ അവളുടെ കണ്ണിൽ പെട്ടത് തോണി ഇറക്കുന്ന ചേട്ടന്മാരെയാണ്,അവർ അവളെ കണ്ട ഉടനെ എന്താ... വരുന്നോ എന്നൊരു ചോദ്യവും പിന്നെ പറയണോ ആദ്യം മുഖത്തോട് മുഖം നോക്കി നിന്ന അവളും കൂട്ടുകാരിയും അങ്ങു ഇറങ്ങി പോയി,തോണിയിൽ ഇരുന്ന് പുഴയിലൂടെ...നല്ല കാറ്റത്ത് ശാന്തമായ അന്തരീക്ഷത്തിൽ ആ യാത്ര തുടർന്നു.



# प्रकृती (कविता)

जग है मेरी माता
नदी पहाड़ सागर समुन्दर ।
सब मेरे भाई–बहन
उसकी रक्षा मेरा धर्म ।।
प्रकृती हमें पेड़ दिए
प्रकृती हमें कानन दिये ।
हम इसके नाश ना करे
मेरा धर्म पालन करना ।।
। जग है मेरी माता
उसकी रक्षा मेरा धर्म ।
कितना सुंदर मेरी धरती
पेड़ –पौधों से भरी धरती ।
प्रकृती हमें जीवन दिए
इसे हमें स्वर्ग बनाना ।।
जग है मेरी माता
इसकी रक्षा मेरा धर्म ।।

– श्रावण विश्वनाथ
Shravan Viswanath
8–I

# പഴമയിലെ നന്മ നഷ്ടപ്പെട്ട പുതിയകാലം



മണ്ണിന്റെ മണമുള്ള,നന്മ നിറഞ്ഞ പ്രകൃതി ഉള്ള, സ്നേഹമുള്ള മനുഷ്യരുള്ള ഒരു തലമുറയായിരുന്നു നമുക്ക് മുന്നേ കടന്നുപോയത്. പ്രകൃതിക്ക് പോറലേൽക്കാതെ, മണ്ണിനെയും പുഴകളെയും മലകളെയും വനങ്ങളെയും സംരക്ഷിച്ച അവർ മലിനമാക്കാതെ പ്രകൃതിയെ നമുക്ക് തന്നു. പക്ഷികളും മൃഗങ്ങളും മറ്റ് ജീവജാലങ്ങളും, മനുഷ്യനും ഇവിടെ സ്വതന്ത്രമായി ജീവിച്ചിരുന്നു.

എന്നാൽ ഇന്ന് കാലം മാറി; കഥ മാറി അത്യാർത്തി പൂണ്ട മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തു വനങ്ങൾ നശിപ്പിച്ചു; മലകളെ അപ്പാടെ തുരന്നു വിറ്റു പുഴകളെയും സമുദ്രങ്ങളെ പോലും പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ നിറച്ചു. സ്വന്തം മണ്ണിൽ കൃഷി ചെയ്തു ഭക്ഷണം കണ്ടെത്തിയിരുന്ന കാലം പോയി മറഞ്ഞു ഇന്ന് നാം ഭക്ഷണ സാമഗ്രിക്ക് മറ്റു നാടുകളെ ആശ്രയിക്കുന്നു. ലാഭ കൊതി പൂണ്ട ഉൽപാദകർ തങ്ങളുടെ ഉൽപ്പന്നങ്ങളിൽ മായം കലർത്തുന്നു. വൻകിട കമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വാങ്ങാൻ നമ്മെ പ്രേരിപ്പിക്കുന്നു. നിരോധിച്ച രാസപദാർത്ഥങ്ങൾ കലർത്തി വിഷമാക്കിയ ഭക്ഷണം കഴിക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. വായുവും വെള്ളവും പോലും മലിനമാക്കുന്നു.പഴയകാലത്ത് കൂട്ടുകുടുംബമായി കഴിഞ്ഞിരുന്നവരുടെ പിന്മുറക്കാർ ഇന്ന് അണു കുടുംബ വ്യവസ്ഥിതിയിലേക്ക് മാറി. അതോടെ കുടുംബ ബന്ധങ്ങൾ ദുർബലമായി. തങ്ങളുടെ സമ്പാദ്യത്തിന്റെ വലിപ്പം കൂട്ടാൻ നെട്ടോട്ടം പായുന്ന മാതാപിതാക്കൾക്ക് മക്കളെ കേൾക്കാൻ സമയമില്ല. തങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യമാണ് മക്കൾ എന്ന തിരിച്ചറിവ് നഷ്ടപ്പെട്ടു പണ്ട് കാലത്ത് ചെറിയ വീട്ടിൽ ഒരുമിച്ച് സ്നേഹത്തോടെ എട്ടും പത്തും ആളുകൾ ജീവിച്ചിരുന്നെങ്കിൽ ഇന്ന് ഒരു വലിയ മണിമാളികയിലെ നാലുമുറികളിൽ ഏകാന്ത വാസത്തിലാണ് പലരും. മൊബൈൽ ഫോൺ ആണ് പല കുട്ടികളുടെയും കൂട്ടുകാർ. ആധുനിക കാലത്ത്, ശാസ്ത്രം പുരോഗമിച്ചു; ജോലികൾ എളുപ്പമാക്കാൻ നിരവധി ഉപകരണങ്ങൾ നമ്മുടെ കൈകളിലെത്തി. പക്ഷേ ഇതിൽ പലതും നമ്മെ മടിയന്മാരാക്കി. ഒരുവശത്ത് ഭക്ഷണം കഴിക്കാൻ ഗതിയില്ലാതെ ആയിരങ്ങൾ കഷ്ടപ്പെടുമ്പോൾ, അമിതമായി ഭക്ഷണം കഴിച്ച് ആരോഗ്യം നഷ്ടപ്പെടുത്തിയവർ മറുവശത്ത്.

നമുക്ക് കിട്ടിയ സ്വർഗ്ഗ സമാനമായ ഈ ഭൂമി, ഇവിടത്തെ പുഴകളും, മരങ്ങളും, മറ്റു ജീവജാലങ്ങളെയും, നശിപ്പിക്കാതെ, നഷ്ടപ്പെടുത്താതെ, മലിനമാക്കാതെ, അടുത്ത തലമുറയ്ക്ക് കൈമാറാനുള്ള ധാർമ്മികമായ ബാധ്യതയും ഉത്തരവാദിത്വവും നമ്മുക്ക് ഉണ്ട് എന്നത് മറക്കാതിരിക്കാം.

–ആനന്ദ് എ വി

# വരകളുടെ തീരത്ത്



**By**
**Shivanya.E.V**
**8H**





By Aswanth
8A









By
Lakshmi Priya








By Gautham Krishna
9H







By Adarsh Sir







By Sreenanda.T.V.
6D


ദേവാനന്ദ്പിവി

# ഓളപരപ്പിൽ

കാലത്തിന്റെ മാറ്റത്തിനൊപ്പം കലയിലും സാങ്കേതികതയിലും മാറ്റം അനിവാര്യമാകുന്നു. ഒഴുകുന്ന കാലത്തിനൊപ്പം ഓളങ്ങൾ മീട്ടുന്ന Little ripples നെ ഇരുകൈ നീട്ടി സ്വീകരിച്ച് വരുകാലങ്ങളിലേക്ക് വിളക്ക് തെളിയിച്ച് തരുക.

മുഹമ്മദ് ബിഷ്റ്
എഡിറ്റർ